VOL NO: 09
ISSUE 28
2025 JULY 12
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ ആരോഗ്യമേഖലയിലെ സിസ്റ്റം തകരാറിലാണോ?

# സൂംബയും ജെൻഡർ ന്യൂട്രാലിറ്റിയും ആ മഞ്ഞുമലയുടെ അഗ്രം മാത്രം

സൂംബയെ കുറിച്ചുള്ള വിമർശനങ്ങൾ കേവലം വസ്ത്രത്തിന്റെയും ആൺ-പെൺ ഇടകലരലിന്റെയും സംവാദാതിർത്തിയിൽ മാത്രം തളച്ചിടാൻ ശ്രമിക്കുന്നതിൽ പോലും കൃത്യമായ അജണ്ടയുണ്ട്. ലൈംഗിക അരാചകത്വത്തിലേക്കും അതുവഴി ലിബറൽ സാമൂഹ്യഘടനയിലേക്കും വാതിൽ തുറക്കുന്ന നാശത്തിന്റെ തുടക്കം തന്നെയാണ് ഇത്തരം പരിഷ്കാരങ്ങൾ ലക്ഷ്യം വയ്ക്കുന്നത്.

**മൂല്യങ്ങൾക്കൊപ്പം മുന്നോട്ട്**

**അധ്യാപകർക്ക് വിദ്യാർഥികളെ ശിക്ഷിക്കാമോ?**

**ഇസ്റാഈൽ രാഷ്ട്രം: പേരിന്റെ മറവിലുള്ള വഞ്ചന**




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

442
# നേർപഥം
വാരിക

2025 ജൂലൈ 12
1447 മുഹറം 16
പുസ്തകം 09 / ലക്കം 28






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




ഷംജാസ് കെ അബ്ബാസ്

സൂംബയെ കുറിച്ചുള്ള വിമർശനങ്ങൾ കേവലം വസ്ത്രത്തിന്റെയും ആൺ പെൺ ഇടകലരലിന്റെയും സംവാദാതിർത്തിയിൽ മാത്രം തളച്ചിടാൻ ശ്രമിക്കുന്നതിൽ പോലും കൃത്യമായ അജണ്ടയുണ്ട്. ലൈംഗിക അരാചകത്വത്തിലേക്കും അതുവഴി ലിബറൽ സാമൂഹ്യഘടനയിലേക്കും വാതിൽ തുറക്കുന്ന നാശത്തിന്റെ തുടക്കം തന്നെയാണ് ഇത്തരം പരിഷ്കാരങ്ങൾ ലക്ഷ്യം വെയ്ക്കുന്നത്.


**05** മുഖമൊഴി
അധ്യാപകർക്ക് വിദ്യാർഥികളെ ശിക്ഷിക്കാമോ?

**06** ലേഖനം
ഇസ്റാഈൽ രാഷ്ട്രം: പേരിന്റെ മറവിലുള്ള വഞ്ചന
അൻവർ അബൂബക്കർ

**16** ലേഖനം
മൂല്യങ്ങൾക്കൊപ്പം മുന്നോട്ട്
നുബ്‌ല എം

**18** ലേഖനം
സൂംബാ ഡാൻസിനെ എന്തിന് എതിർക്കണം?
സമീർ മുണ്ടേരി

**23** ലേഖനം
ആരോഗ്യമേഖലയിലെ സിസ്റ്റം തകരാറിലാണോ?
നബീൽ പയ്യോളി

**26** ലേഖനം
വിധിവിശ്വാസം
മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

**31** സൂറതു റൂം
ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
സ്വർഗം
മൈമൂന ബിൻത് അബ്ദുല്ല, കൊയിലാണ്ടി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പ്ലസ് വൺ സീറ്റ്; മലബാറിനോടുള്ള അവഗണന മാറണം: വിസ്ഡം സ്റ്റുഡന്റ്സ്

കോഴിക്കോട്: വിസ്ഡം സ്റ്റുഡന്റ്സ് 'വിദ്യാനിധി' വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിലെ വടക്കൻ കേരളത്തിലെ വിദ്യാർഥികളുടെ സംഗമം കോഴിക്കോട് ഹോട്ടൽ സ്പാനിൽ വെച്ചു സംഘടിപ്പിച്ചു. രാജ്യത്തെ ഉന്നത സർവകലാശാലകളിൽ നിന്നുൾപ്പെടെയുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പങ്കെടുത്തു.

എം.കെ രാഘവൻ എം.പി ഉദ്ഘാടനം നിർവഹിച്ചു. വിസ്ഡം സ്റ്റുഡൻറ്സ് സംസ്ഥാന ട്രഷറർ ശബീബ് മഞ്ചേരി, സംസ്ഥാന സെക്രട്ടറി റൈഹാൻ ശഹീദ്, സംസ്ഥാന പ്രസിഡന്റുമാരായ സഫ്‌വാൻ ബറാമി, അസ്ഹർ ചാലിശ്ശേരി എന്നിവർ സെഷനുകൾക്ക് നേതൃത്വം നൽകി. കുവൈറ്റ് കേരള ഇസ്‌ലാഹി സെന്റർ ഭാരവാഹികളായ അസ്ഹർ, അഷ്റഫ് എകരൂൽ എന്നിവർ ആശംസകൾ അറിയിച്ചു. സെഹൽ ആദം, ശദീദ് ഹസ്സൻ, സഫീർ താനൂർ എന്നിവർ സംസാരിച്ചു.

# ടി.കെ അഷ്റഫിന്റെ സസ്പെൻഷൻ പിൻവലിക്കണം: കെ.എസ്.ടി.യു.

മലപ്പുറം: സുംബയുടെ പേരിൽ ടി.കെ അഷ്റഫ് എന്ന അധ്യാപകനെ സസ്പെന്റ് ചെയ്ത വകുപ്പ് തല നടപടി അപലപനീയമാണെന്നും വിദ്യാഭ്യാസ വകുപ്പ് നടപടി പിൻവലിക്കണമെന്നും കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി മജീദ് കാടേങ്ങൽ ആവശ്യപ്പെട്ടു. അധ്യാപകനെ സസ്പെന്റ് ചെയ്തതിനെതിരെ കെ.എസ്.ടി.യു ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അധ്യാപക പ്രതിഷേധം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു പുതിയ പരിഷ്കാരം കൊണ്ടുവരുമ്പോൾ അതിനെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള ചർച്ചകൾ സ്വാഭാവികമാണ്. അതിൽ ഗവൺമെന്റ് അടിച്ചേൽപിക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ടി.കെ.അഷ്റഫ് ചെയ്തിട്ടുള്ളത്. ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ സമൂഹം ഒറ്റക്കെട്ടായി നിൽക്കേണ്ടതു തന്നെയാണ്. എന്നാൽ ലഹരിക്കെതിരായ പ്രതിരോധം സുംബ ഡാൻസ് മാത്രമാണ് എന്നുള്ളത് ഏതെങ്കിലും പഠന റിപ്പോർട്ടിന്റെയോ കൃത്യമായ നിരീക്ഷണങ്ങളുടെയോ അടിസ്ഥാനത്തിലല്ല. വ്യത്യസ്തമായ അഭിപ്രായമുള്ളവർക്ക് അത് പറയാനും അവരുടെ ആശങ്കകൾ പ്രകടിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. സമൂഹത്തിലെ ധാർമികതയും മൂല്യബോധവും നിലനിർത്തുന്ന തിന് വേണ്ടി പരിശ്രമിക്കുന്ന അധ്യാപക സമൂഹത്തെ അടിച്ചമർത്താനുള്ള സർക്കാറിന്റെ ഏതു നിക്കത്തെയും ശക്തമായി നേരിടുമെന്ന് കെ.എസ്.ടി.യു. മുന്നറിയിപ്പ് നൽകി.

ജില്ല പ്രസിഡന്റ് എൻ.പി മുഹമ്മദലി അധ്യക്ഷനായി. ജില്ലാ ജനറൽ സെക്രട്ടറി കോട്ട വീരാൻകുട്ടി, സംസ്ഥാന ഭാരവാഹികളായ ഇ.പി.എ ലത്തീഫ്, എൻ.കെ ഷാഹിന, ജില്ലാ ഭാരവാഹികളായ കെ.എം ഹനീഫ, തൊട്ടിയൻ ബഷീർ, സഫ്ത്തറലി വാളൻ, ജലീൽ വൈരംങ്കോട്, എ.കെ നാസർ, കെ.പി ജലീൽ, കെ.ടി ശിഹാബ്, സാദിഖ് കട്ടുപ്പാറ, കെ.ടി അലവിക്കുട്ടി, ജാഫർ വെള്ളക്കാട്ട്, പി. അബൂബക്കർ, ഫെബിൻ ഉപ്പാടൻ, സാദിഖലി ചീക്കോട്, പി.സക്കീർ, എ.എം ഷംസുദ്ദീൻ, സി.ആമിന, വി.എം. ഗഫൂർ, റഹിം കുണ്ടൂർ, പി.അബ്ദുൽമജീദ് വെള്ളില പ്രസംഗിച്ചു.

# വിസ്ഡം സ്റ്റുഡന്റ്സ് 'ഹദീക്വ' ബാലസംഗമങ്ങൾക്ക് തുടക്കമായി

മലപ്പുറം: വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് കേന്ദ്രങ്ങളിൽ നടക്കുന്ന 'ഹദീക്വ' ബാലസംഗമത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മലപ്പുറം ചട്ടിപ്പറമ്പിൽ വെച്ച് സംഘടിപ്പിച്ചു. ബാലവേദി വിദ്യാർഥികൾക്കായി ഒരുമാസം നീണ്ടുനിൽക്കുന്ന വൈവിധ്യമാർന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി ടി മുഹമ്മദ് ശമീൽ ഉദ്ഘാടനം നിർവഹിച്ചു. മലപ്പുറം ചട്ടിപ്പറമ്പ് അൽമദ്റസതുസ്സലഫിയ്യയിൽ നടന്ന സംഗമത്തിൽ പ്രധാനാധ്യാപകൻ അബൂബക്കർ പരവക്കൽ അധ്യക്ഷത വഹിച്ചു. വിസ്ഡം സ്റ്റുഡന്റ്സ് മലപ്പുറം നോർത്ത് ജില്ല സെക്രട്ടറി അബ്ദുറഹീം പട്ടർകുളം, മലപ്പുറം മണ്ഡലം പ്രസിഡന്റ് നസ്‌വാൻ കുളപ്പറമ്പ് തുടങ്ങിയവർ സംസാരിച്ചു.

# അധ്യാപകർക്ക് വിദ്യാർഥികളെ ശിക്ഷിക്കാമോ?

അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികളെ ശിക്ഷിക്കാൻ അനുവാദമുണ്ടോ? മുമ്പൊക്കെ ഉണ്ടായിരുന്നു. പഠിക്കാത്തതിനും വികൃതി കാട്ടിയതിനും കളവു പറഞ്ഞതിനും പേനയോ പെൻസിലോ മറ്റോ മോഷണം നടത്തിയതിനുമൊക്കെ അധ്യാപകരിൽനിന്നും മാതാപിതാക്കളിൽനിന്നും അടിയും ശകാരവും ഉപദേശവും കിട്ടി വളർന്നവരാണ് പഴയതലമുറ. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല. ശിക്ഷിക്കാനെന്നല്ല, മക്കളിൽ തെറ്റു കണ്ടാൽ അത് പാടില്ലെന്നു പറയാൻ പോലും അവകാശം നഷ്ടപ്പെട്ടിരിക്കുന്നു. 'പഠിപ്പിക്കാനാണ് വന്നതെങ്കിൽ പഠിപ്പിച്ചാൽ മതി, വ്യക്തിപരമായ കാര്യത്തിൽ ഇടപെടേണ്ടതില്ല' എന്ന് അധ്യാപകരുടെ മുഖത്തു നോക്കി ഭീഷണി സ്വരത്തിൽ പറയുന്നിടത്തേക്ക് കുട്ടികളുടെ 'അവകാശബോധം' വളർന്നിരിക്കുന്നു. ഒന്നു ശകാരിച്ചാൽ പോലും മർദിച്ചു എന്നു പറഞ്ഞ് വിദ്യാർഥികൾ അധ്യാപകർക്കെതിരെ കേസിനു പോകുന്ന അവസ്ഥ!

പുതിയെ ഹൈക്കോടതി വിധി അധ്യാപകർക്ക് ഏറെ ആശ്വാസം പകരുന്നതാണ്. കുട്ടികളെ ശാരീരികമായി ശിക്ഷിക്കാൻ അധ്യാപകർക്ക് അവകാശമില്ലെന്നും തല്ലിയില്ലെങ്കിൽ അവർ ചീത്തയാകും എന്നതിനോട് യോജിക്കാനാകില്ലെന്നും പറഞ്ഞ കോടതി; അച്ചടക്കത്തിനോ നന്നാക്കാനോ കുട്ടികൾക്ക് ചെറിയ ശിക്ഷകൾ നൽകുന്നത് ശിക്ഷാനിയമങ്ങൾ അനുസരിച്ചുള്ള ക്രിമിനൽ കുറ്റമാകുന്നില്ലെന്നു വ്യക്തമാക്കിയിരിക്കുന്നു.

ക്ലാസിൽ ശ്രദ്ധിക്കാത്തതിന് ആറുവയസ്സുകാരിയെ ചുരൽ കൊണ്ട് അടിച്ചതിന് അധ്യാപികക്കെതിരെ കൊടുങ്ങല്ലൂർ പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസും കേട്ടെഴുത്ത് നന്നായി ചെയ്യാത്തതിന് ഒമ്പതുവയസ്സുള്ള വിദ്യാർഥിയെ ചൂരൽകൊണ്ട് അടിച്ചതിന് അധ്യാപികക്കെതിരെ സുൽത്താൻബത്തേരി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസും റദ്ദാക്കിയാണ് ഹൈക്കോടതി ഉത്തരവ്.

എന്നാൽ, എറണാകുളം പറവൂരിൽ സ്കൂൾ വാർഷികത്തിന് നൃത്തം പഠിപ്പിക്കാൻ താൽക്കാലികമായി നിയമിച്ച അധ്യാപകൻ ഒമ്പതുകാരിയെ പിവിസി പൈപ്പുകൊണ്ട് അടിച്ചതിന് എടുത്ത കേസ് റദ്ദാക്കാനാകില്ലെന്ന് കോടതി വ്യക്തമാക്കി. ഈ കേസിൽ മാരകായുധം ഉപയോഗിച്ച് കുട്ടിയെ അടിച്ചു എന്നതുൾപ്പെടെയുള്ള വകുപ്പുകൾ ഹൈക്കോടതി റദ്ദാക്കി കേസിൽ പുതിയ കുറ്റപത്രം നൽകാൻ നിർദേശിച്ചിരിക്കുന്നു.

കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം, ബാലനീതി നിയമം, കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട യു.എൻ കൺവെൻഷൻ, നാഷനൽ കമീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് മാർഗനിർദേശങ്ങൾ തുടങ്ങിയവ വിലയിരുത്തിയ ശേഷമാണ് ഈ ഉത്തരവ്. അമിക്കസ് ക്യൂറിയെ ഉൾപ്പെടെ നിയമിച്ചാണ് കോടതി വിഷയം പരിശോധിച്ചത്.

ബാലനീതി നിയമത്തിലെ വകുപ്പ് 75 പ്രകാരം ചൂരൽ പ്രയോഗം കുറ്റകരമാണെന്നായിരുന്നു സർക്കാർ നിലപാട്. എന്നാൽ ബാലനീതി നിയമത്തിലെ ഈ വകുപ്പ് സ്കൂളിനും അധ്യാപകർക്കും ബാധകമല്ലെന്ന് കോടതി പറഞ്ഞു. ഇക്കാര്യത്തിൽ അധ്യാപകരുടെ ലക്ഷ്യം പരിശോധിക്കേണ്ടതുണ്ട്. ഉചിതമായതും ദുരുദ്ദേശ്യമില്ലാത്തതും ആണെങ്കിൽ ഇത്തരം പ്രവൃത്തികളെ അനാവശ്യമെന്ന് പറയാനാവില്ല. എന്നാൽ കുട്ടികളുടെ പ്രായം കണക്കാക്കുമ്പോൾ അധ്യാപകർ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടിയിരുന്നു. പ്രവൃത്തി ധാർമികമായി തെറ്റായിരിക്കാം. എന്നാൽ നിയമപരമായി തെറ്റായി കണക്കാക്കാനാവില്ല. കുട്ടിയെ സാരമായി പരിക്കേൽപിക്കുന്നതിനെയോ മാരകമായി ദ്രോഹിക്കുന്നതിനെയോ ക്രിമിനൽ കുറ്റമായി പരിഗണിക്കാതിരിക്കാനാകില്ലെന്നും കോടതി പറഞ്ഞു.

അധ്യാപകർക്ക് ഏറെ ആത്മവിശ്വാസം പകരുന്നതാണ് ഹൈക്കോടതിയുടെ ഈ ഇടപെടൽ എന്നതിൽ സംശയമില്ല. രക്ഷിതാക്കൾ കൂടി ഇപ്പറഞ്ഞത് ഉൾക്കൊള്ളേണ്ടതുണ്ട്.

അൻവർ അബൂബക്കർ



# ഇസ്റാഈൽ രാഷ്ട്രം: പേരിന്റെ മറവിലുള്ള വഞ്ചന

മുസ്ലിംകൾക്കും ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും ഒരുപോലെ ആധികാരികമായി പ്രാധാന്യമുള്ള ചരിത്രഭൂമിയാണ് ഫലസ്തീൻ. വിശ്വാസത്തിന്റെ വേരുകളും ആത്മീയമൂല്യങ്ങളുമെല്ലാം ഈ മണ്ണിൽ ആഴമായി പതിഞ്ഞിരിക്കുന്നു. യഹൂദ മതചരിത്രത്തിൽ, ക്രിസ്തുമതത്തിൽ, ഇസ്ലാമിക വിശ്വാസങ്ങളിൽ ഈ മണ്ണിന് കേന്ദ്രസ്ഥാനമുണ്ട്. വേദഗ്രന്ഥങ്ങളുടെ പ്രതിഫലനത്തിലൂടെ അനന്തമായ തെളിവുകളായി അത് നിലകൊള്ളുന്നു. ഇന്ന് ആ മണ്ണ് മതപരമായും രാഷ്ട്രീയപരമായും ഭൂമിശാസ്ത്രപരമായും വളരെയധികം സങ്കീർണമായ സംഘർഷങ്ങൾ നിലനിൽക്കുന്ന ഭൂപടമാണ്. ദേശീയത, ഭൂപ്രതിഷേധം, വംശീയാധികാരം എന്നിങ്ങനെയുള്ള പരിപ്രേക്ഷ്യത്തിലൂടെ പലരും ഈ പ്രശ്നത്തെ വ്യാഖ്യാനിക്കുകയും വിമർശിക്കുകയും ചെയ്യുന്നുണ്ട്. ഈ പശ്ചാത്തലങ്ങൾക്കിടയിലും ഫലസ്തീൻ എന്ന

> ഒന്നാം ലോകമഹായുദ്ധകാലത്താണ് (1917ൽ) ബ്രിട്ടീഷ് സർക്കാറിന്റെ കുപ്രസിദ്ധമായ Balfour Declaration അറബ് ലോകത്തോട് വിശ്വാസവഞ്ചന നടത്തുന്നത്. ഫലസ്തീനിൽ ജൂതന്മാർക്ക് ഒരു "National Home' സ്ഥാപിക്കണമെന്ന പ്രഖ്യാപനം ഇതിലൂടെ നടന്നു. പിന്നീട്, യുദ്ധാനന്തര ലോകക്രമത്തിൽ, ലീഗ് ഓഫ് നേഷൻസ് ബ്രിട്ടനു ഫലസ്തീനിന്റെ മേൽ അധികാരം നൽകുകയുണ്ടായി. ഇതിലൂടെയാണ് പല ഘട്ടങ്ങളിലായി ജൂതന്മാരുടെ പലസ്തീനിലേക്കുള്ള സംഘടിതമായ കുടിയേറ്റം വിപുലമായി നടപ്പിലാകുന്നത്.

പേരിന് ഒരു അന്തസ്സുള്ള തനിമ ഇന്നും നിലനിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്.

ജൂതൻമാർ അവരുടെ സ്വന്തം ദേശീയ ഭരണകൂടമായി ജൂതരാജ്യം സ്ഥാപിക്കാനുള്ള ശ്രമം ആധുനിക കാലഘട്ടത്തിൽ പ്രയോഗത്തിൽ കൊണ്ടുവന്നത് മതപരമായ ഒരു ചരിത്രവായനയിലൂടെയാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് അബ്രഹാമിനും അവിടുത്തെ സന്തതികൾക്കും ദൈവം വാഗ്ദാനം നൽകിയതായി വിശ്വസിക്കപ്പെടുന്ന വാഗ്ദത്തഭൂമിയോടാണ് ഈ രാഷ്ട്രീയമോഹത്തെ അവർ ബന്ധപ്പെടുത്തിയിരിക്കുന്നത്. ഈ ദീർഘകാലത്തെ സ്വപ്നമായ ആത്മീയരാഷ്ട്രം ഇസ്രായേൽ എന്ന പേരിൽ അവർ യാഥാർത്ഥ്യമാക്കാ നാണ് ശ്രമിച്ചത്. എന്നാൽ, നൂറുകണക്കിന് വർഷങ്ങളായി ആ ഭൂമിയിൽ ഒറ്റപ്പെട്ട ഒരു പ്രദേശത്തുപോലും ജൂതന്മാർക്ക് തങ്ങളുടെ സ്വയംഭരണാധികാരം ഉറപ്പിക്കാനാവാതെ പോയത് എന്തുകൊണ്ടാണ് എന്നതാണ്പ്രസക്തമായ ചോദ്യം. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ പിശകുണ്ടായിരുന്നുവെന്ന് നമ്മൾ വിശ്വസിക്കണമോ, ഈ പരാജയത്തിന് പിന്നിൽ ജൂതജനതയുടെ ചെയ്തികൾക്കൊരു ആത്മപരിശോധന ആവശ്യമായ സാഹചര്യങ്ങളുണ്ടായിരുന്നോ? അവരുടെ താൽപര്യങ്ങളും വ്യാമോഹങ്ങളും സംരക്ഷിക്കാൻ അന്യായമായി കൂട്ടിച്ചേർത്ത ചരിത്രവ്യാഖ്യാനങ്ങളിലൂടെ ആ വാഗ്ദാനം അവരുടെ കൈവശം കൊണ്ടുവരാനുള്ള ശ്രമമായിരുന്നോ എന്നതൊക്കെ ഗൗരവമായ ചോദ്യങ്ങളായി മുന്നിൽ നിർത്തേണ്ടതുണ്ട്.

19ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ലോകമാകെയുള്ള ജൂതന്മാരുടെ ഇടയിൽ സയണിസം എന്ന പ്രസ്ഥാനത്തിന് ശക്തമായ ജനപിന്തുണ ലഭിച്ചുവെന്നത് സുപരിചിതമായ ചരിത്രസത്യമാണ്. ജൂതന്മാരുടെ സ്വപ്നഭൂമിയായ ഫലസ്തീനിൽ ഒരു സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്ന ആഗ്രഹമാണ് ഈ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യമായി നിലകൊണ്ടത്. യൂറോപ്പിൽ ജൂതന്മാരോടുണ്ടായിരുന്ന വംശീയവിരുദ്ധതയും അതിന്റെ ഭീഷണിയും, അവർക്ക് സുരക്ഷിതമായ ഒരു അഭയകേന്ദ്രം വേണമെന്ന ആവശ്യം ഉണർത്താൻ കാരണമായി. ഈ സാഹചര്യങ്ങളിലാണ് സയണിസം, ജൂതരാഷ്ട്ര നിർമിതിയെ ലക്ഷ്യമാക്കി ആസൂത്രിതമായ മുന്നേറ്റം ആരംഭിച്ചത്. ഈ രാഷ്ട്രീയ നീക്കത്തിന്റെ ഭാഗമായി, ഒന്നാം ലോകമഹായുദ്ധകാലത്താണ് (1917ൽ) ബ്രിട്ടീഷ് സർക്കാറിന്റെ കുപ്രസിദ്ധമായ Balfour Declaration അറബ് ലോകത്തോട് വിശ്വാസവഞ്ചന നടത്തുന്നത്. ഫലസ്തീനിൽ ജൂതന്മാർക്ക് ഒരു 'National Home' സ്ഥാപിക്കണമെന്ന പ്രഖ്യാപനം ഇതിലൂടെ നടന്നു. പിന്നീട്,

യുദ്ധാനന്തര ലോകക്രമത്തിൽ, ലീഗ് ഓഫ് നേഷൻസ് ബ്രിട്ടനു ഫലസ്തീനിന്റെ മേൽ അധികാരം നൽകുകയുണ്ടായി. ഇതിലൂടെയാണ് പല ഘട്ടങ്ങളിലായി ജൂതന്മാരുടെ പലസ്തീനിലേക്കുള്ള സംഘടിതമായ കുടിയേറ്റം വിപുലമായി നടപ്പിലാകുന്നത്. പിന്നീട്, രണ്ടാം ലോകമഹായുദ്ധകാലത്ത് നാസികൾ ലക്ഷക്കണക്കിന് ജൂതന്മാരെ വധിച്ച ഹോളോകോസ്റ്റിന്റെ ഭീകരത, ആഗോളതലത്തിൽ വലിയൊരു സഹതാപ വികാരത്തിനും രാഷ്ട്രീയ പിന്തുണക്കും വഴിയൊരുക്കി. ജൂതന്മാരെക്കുറിച്ചുള്ള ഈ സഹതാപം, അവരുടെ സ്വപ്നമായ ഒരു രാഷ്ട്രം സ്ഥാപിക്കാനുള്ള അന്താരാഷ്ട്ര സമ്മതത്തിന് അനുകൂലമായി പ്രവർത്തിച്ചു. ഈ പശ്ചാത്തലത്തിലാണ്, 1947ൽ ഐക്യരാഷ്ട്രസഭ ഫലസ്തീൻ വിഭജിച്ചുകൊണ്ടുള്ള ഒരു പദ്ധതി മുന്നോട്ടുവെച്ചത്. അറബ് രാജ്യങ്ങളുടെ ശക്തമായ എതിർപ്പുകൾ അവഗണിച്ചുകൊണ്ടുതന്നെ, 1948 മെയ് 14ന് ഇസ്രായേൽ എന്ന പേരിൽ ഒരു പുതിയ ജൂതരാഷ്ട്രം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. മഹാനായ യഅ്ക്വൂബ് നബി(അ)യുടെ പാരമ്പര്യവാദത്തെ ആധികാരികമാക്കാനുള്ള ശ്രമം കൂടിയായിരുന്നു ഇത്. എന്നാൽ, 'ഇസ്രായേൽ' എന്ന പേരിന്റെ പുറകിലുമുണ്ടായിരുന്ന വലിയൊരു വഞ്ചന; ഒരു ജനതയുടെ നാടും സ്വത്വവുമെല്ലാം നിഷേധിച്ചുകൊണ്ടുണ്ടായ അതിരൂക്ഷമായ നീക്കമാണതെന്ന് ചരിത്രം നമ്മോട് പ്രതികരിക്കുന്നത്.

ജൂഡേയ, സിയോൻ, എബ്രാ തുടങ്ങിയ മറ്റു പേരുകൾ പുതിയ ജൂതരാഷ്ട്രത്തിനായി ആലോചിച്ചിരുന്നെങ്കിലും, ഒടുവിൽ 'ഇസ്രായേൽ' എന്ന പേരാണ് ഡേവിഡ് ബെൻ ഗുറിയോൺ നയിച്ച നേതൃസംഘം ഔദ്യോഗികമായി തെരഞ്ഞെടുക്കുന്നത്. ഈ പേര് തെരഞ്ഞെടുക്കപ്പെടുമ്പോൾ തന്നെ, ഫലസ്തീനികളെയും അവരുടെ നാടിനെയും പൂർണമായി അവഗണിച്ച്, അവരുടെ ചരിത്രബോധത്തെ

ജൂഡേയ, സിയോൻ, എബ്രാ തുടങ്ങിയ മറ്റു പേരുകൾ പുതിയ ജൂതരാഷ്ട്രത്തിനായി ആലോചിച്ചിരുന്നെങ്കിലും, ഒടുവിൽ 'ഇസ്രായേൽ' എന്ന പേരാണ് ഡേവിഡ് ബെൻ ഗുറിയോൺ നയിച്ച നേതൃസംഘം ഔദ്യോഗികമായി തെരഞ്ഞെടുക്കുന്നത്. ഈ പേര് തെരഞ്ഞെടുക്കപ്പെടുമ്പോൾ തന്നെ, ഫലസ്തീനികളെയും അവരുടെ നാടിനെയും പൂർണമായി അവഗണിച്ച്, അവരുടെ ചരിത്രബോധത്തെ ഇല്ലാതാക്കാനുമുള്ള ഒരു കൃത്രിമ ചരിത്രപുനരാഖ്യാനം ഉണ്ടായിരുന്നതായി നിരീക്ഷകരും ചരിത്രകാരന്മാരും പറയുന്നുണ്ട്.

ഇല്ലാതാക്കാനുമുള്ള ഒരു കൃത്രിമ ചരിത്രപുനരാഖ്യാനം ഉണ്ടായിരുന്നതായി നിരീക്ഷകരും ചരിത്രകാരന്മാരും പറയുന്നുണ്ട്. നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ, ഈ രാഷ്ട്രം നിലവിൽ വന്നത് അനേകം ഫലസ്തീനികളെ കുടിയൊഴിപ്പിച്ചുകൊണ്ടായിരുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് വർഷങ്ങളായി ഈ പ്രദേശത്ത് സംഘർഷങ്ങളും തർക്കങ്ങളും നിലനിൽക്കുന്നത്. ഈ സാഹചര്യങ്ങളിലാണ് നമ്മിൽ പലരും ജൂതന്മാരെയും അവരുടെ രാഷ്ട്രത്തിന്റെ പേരിനെയും എതിരാളികളായി കാണുകയും 'ഇസ്രായേൽ' എന്ന പേരിനെ അപകീർത്തിപ്പെടുത്തുന്ന ഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നത്. ഇതൊരു മുസ്‌ലിമിന് മനഃസംഘർഷം ഉണ്ടാക്കുന്ന വിഷയം തന്നെയാണ്. കാരണം, ഇസ്രായേൽ എന്നത് മഹാനായ യഅ്കൂബ് നബി(അ) യുടെ അപരനാമമാണ്; ഒരിക്കലും അപമാനിക്കപ്പെടരുതാത്ത ഒരു പേര്.

പരിശുദ്ധ ക്വുർആനിലെ മൂന്നാം അധ്യായമായ സൂറത്തു ആലു ഇംറാനിലെ 92ാമത്തെ ആയത്തിൽ, അല്ലാഹു യഅ്ക്വൂബ് നബി(അ)യെ പരാമർശിക്കുന്നത് 'ഇസ്റാഈൽ' എന്ന പേരിലൂടെയാണ്.

“എല്ലാ ഭക്ഷണവും ഇസ്റാഈൽ സന്തതികൾക്ക് അനുവദനീയമായിരുന്നു; തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിന് മുമ്പായി ഇസ്റാഈൽ അദ്ദേഹത്തിന്റെ സ്വന്തം പേരിൽ നിഷിദ്ധമാക്കിയത് ഒഴികെ.”

'തൗറാത്ത് അവതരിപ്പിക്കപ്പെടുന്നതിന് മുമ്പായി യഅ്ക്വൂബ് അദ്ദേഹത്തിന്റെ സ്വന്തം പേരിൽ നിഷിദ്ധമാക്കിയത് ഒഴികെ' എന്ന് പറയാതെ, 'ഇസ്റാഈൽ അദ്ദേഹത്തിന്റെ സ്വന്തം പേരിൽ നിഷിദ്ധമാക്കിയത് ഒഴികെ' എന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. അതിനാൽ തന്നെ, അല്ലാഹു എടുത്തു പറഞ്ഞ ഒരു പ്രവാചകന്റെ പേരിനെ മുസ്ലിംകൾ എക്കാലവും ആദരവോടെ സമീപിക്കേണ്ടതാണെന്നത്, ജൂതൻമാർക്ക് പോലും നന്നായി അറിയാവുന്ന കാര്യമാകുന്നു. 'ഇസ്രായേൽ' എന്ന പേര് അവരുടെ രാജ്യത്തിന് നൽകിയതിൽ ഒളിഞ്ഞിരിക്കുന്നത് ഗൂഢതന്ത്രവും ആഴത്തിലുള്ള മതവഞ്ചനയും ചരിത്ര വ്യാഖ്യാനത്തിലെ വഴിതെറ്റിപ്പിക്കലുമാണെന്നത് പ്രാധാന്യമേറിയ ഒരു അന്വേഷണ വിഷയമാണ്. കാരണം, ജൂതർ ദ്വയാർഥമുള്ള വാക്കുകളും ഇരട്ടമുഖത്തോടുകൂടിയ സമീപനങ്ങളും ഉപയോഗിക്കുന്നതിൽ പാരമ്പര്യമുള്ളവരാണെന്ന് ചരിത്രം തന്നെ തെളിയിക്കുന്നുണ്ട്.

മുഹമ്മദ് നബി(സ്വ)യുടെ അനുയായികൾ പ്രവാചകനോട് എന്തെങ്കിലും ചോദിക്കുമ്പോൾ, 'ഞങ്ങൾക്ക് ഒന്നുകൂടി മനസ്സിലാക്കാൻ കഴിയുന്ന രൂപത്തിൽ ഞങ്ങളെ ഒന്ന് ഗൗനിക്കണം' എന്ന അർഥത്തിൽ 'റാഇനാ' എന്ന് പറഞ്ഞിരുന്നു. ഇതേ വാക്ക് ഒരു ചീത്ത പറയുന്ന വാക്കായികൊണ്ടും വിഡ്ഢി എന്ന അർഥത്തിലും അറബികൾക്കിടയിൽ ഉപയോഗിക്കാറുണ്ട്. മുഹമ്മദ് നബി(സ്വ) വല്ലതും പറയുമ്പോൾ, സന്ദർഭത്തിനനുസരിച്ച് ആദരവും മര്യാദയും പ്രകടിപ്പിക്കുന്നതുപോലെ തോന്നുന്ന രീതിയിൽ ജൂതൻമാർ നബി(സ്വ)യോട് ഈ വാക്ക് പറയാറുണ്ട്. അവരുടെ ഹൃദയത്തിനുള്ളിലുണ്ടായിരുന്ന യഥാർഥ ഉദ്ദേശ്യം നബി(സ്വ) യെ വിഡ്ഢിയെന്നു വിളിച്ചുകൊണ്ട് പരിഹസിക്കലായിരുന്നു. ആ വികാരം കൃത്യമായി തിരിച്ചറിയുന്ന അല്ലാഹു ക്വുർആനിലൂടെ പ്രവാചകന്റെ അനുചരൻമാരോട് കൽപിച്ചു:

“അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ 'റാഇനാ' എന്ന് പറയരുത്. നിങ്ങൾ ഉൻദ്വുർനാ (ഞങ്ങളെ നോക്കണേ) എന്നു പറഞ്ഞുകൊള്ളുക.”

ജൂതന്മാരുടെ ഇരട്ടമുഖത്വം അവരുടെ പ്രവർത്തനങ്ങളിലും ചിന്തകളിലും ബന്ധങ്ങളിലുമെല്ലാം ഏത് കാലഘട്ടങ്ങളിലായാലും മാറ്റങ്ങളില്ലാതെ പ്രതിഫലിക്കുന്ന ഒരു ദുഃസ്വഭാവമാണ്. അതുകൊണ്ടാണ് ഇസ്റാഈൽ എന്നത് മഹാനായ യഅ്ക്വൂബ് നബി(അ)യുടെ പേരാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ ജൂതന്മാർ അതിനെ തങ്ങളുടെ രാഷ്ട്രീയ ആശയങ്ങളുടെ മറയായി ഉപയോഗിക്കുന്നത്. എന്നാൽ ഇസ്റാഈൽ രാഷ്ട്രത്തിനെതിരിൽ ഒരു മുസ്ലിം പ്രാർഥിക്കുമ്പോൾ, തീർച്ചയായും അവരാരും അല്ലാഹു പേരെടുത്തു പറഞ്ഞ ആ മഹാപ്രവാചകനെ കുറിച്ച് മോശമായി ചിന്തിക്കുക പോലുമില്ല. ദൈവത്തെ ധിക്കരിച്ചും ദൈവത്തിന്റെ പ്രവാചകൻമാരെ കൊലപ്പെടുത്തിയും പാരമ്പര്യമുള്ള, ദൈവത്തോട് അനുസരണക്കേട് മാത്രം കാണിച്ചു ശീലമുള്ള ജൂതൻമാർ ഉണ്ടാക്കിവെച്ച കെണികളെ തിരിച്ചറിഞ്ഞ് വിശ്വാസികൾ ജാഗ്രതയോടെയായിരിക്കേണ്ടതുണ്ടെന്ന് മാത്രം.



ഷംജാസ് കെ അബ്ബാസ്
shamjaska114@gmail.com

# സൂംബയും ജെൻഡർ ന്യൂട്രാലിറ്റിയും ആ മഞ്ഞുമലയുടെ അഗ്രം മാത്രം

സൂംബയായിരുന്നു കുറച്ചുദിവസത്തെ ചർച്ചാവിഷയം. മാധ്യമകണ്ണുകൾ മറ്റു വാർത്തകൾക്ക് പിറകെ പോയതോടെ ചർച്ചകളും അവസാനിക്കുന്നു. ഇത് ആധുനിക ലോകത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. വിഷയങ്ങളിൽനിന്ന് വിഷയങ്ങളിലേക്ക്, വാർത്തകളിൽനിന്ന് വാർത്തകളിലേക്ക് അത് അതിവേഗം ഓടിക്കൊണ്ടിരിക്കും. എന്തിന് ചർച്ച ചെയ്തെന്നോ, എന്താണ് അതിന്റെ അനന്തരഫലമെന്നോ ആലോചിച്ച് നിൽക്കാൻ അവർക്ക് നേരമില്ല. സ്വാഭാവികമായും ഈ പ്രക്രിയ നിർമിച്ചെടുത്ത ആധുനിക സമൂഹത്തിന് അത്തരത്തിൽ ചിന്തിക്കാനോ, അവയിൽ അഴിച്ചുപണികൾ നടത്താനോ ഉള്ള ധൈഷണികമായ ആഴമില്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇതിനെയാണ് നാം സത്യാനന്തര കാലം എന്നു വിളിക്കുന്നത്. സത്യത്തെക്കാൾ വേഗത്തിൽ നുണകൾ പരക്കുന്ന, ധർമത്തിന് പ്രത്യേകിച്ച് മൂല്യം കണക്കാക്കാത്ത കാലം. പക്ഷേ, ഇവിടെ എല്ലാം ജീവിതത്തെയും അതിന്റെ ലക്ഷ്യത്തെയും ആത്യന്തികമായി കാണുന്ന, സ്ഥലകാല പരിധിക്കപ്പുറം മൂല്യബോധത്തെ ഉയർത്തിപ്പിടിക്കുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം കൃത്യമായ ബോധവും ബോധ്യവും ഇത്തരം വിഷയങ്ങളിലെല്ലാം ഉണ്ടാകും.

**സൂംബയെ കുറിച്ചുള്ള വിമർശനങ്ങൾ കേവലം വസ്ത്രത്തിന്റെയും ആൺ പെൺ ഇടകലരലിന്റെയും സംവാദാതിർത്തിയിൽ മാത്രം തളച്ചിടാൻ ശ്രമിക്കുന്നതിൽ പോലും കൃത്യമായ അജണ്ടയുണ്ട്. ലൈംഗിക അരാചകത്വത്തിലേക്കും അതുവഴി ലിബറൽ സാമൂഹ്യഘടനയിലേക്കും വാതിൽ തുറക്കുന്ന നാശത്തിന്റെ തുടക്കം തന്നെയാണ് ഇത്തരം പരിഷ്കാരങ്ങൾ ലക്ഷ്യം വെയ്ക്കുന്നത്.**

വിദ്യാഭ്യാസ സംവിധാനത്തെ തികഞ്ഞ ഹിന്ദുത്വ ആശയങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നതിനെ ശക്തമായി പ്രതിരോധിക്കുകയും ചെയ്തിരുന്നു. ഒരു രാത്രികൊണ്ട് പ്രതിപക്ഷത്തെ കബളിപ്പിച്ച് നടപ്പിലാക്കിയ NEP 2020 പല സംസ്ഥാനങ്ങളും ഏറ്റെടുക്കില്ല എന്ന നിലപാടിലാണുള്ളത്. ചരിത്രത്തെ പാഠപുസ്തകങ്ങളിൽനിന്ന് വെട്ടിമാറ്റി, അടയാളങ്ങളായ സ്ഥലപ്പേരുകൾ മാറ്റി, മതേതര ഇന്ത്യയുടെ ധീരനേതാക്കളെ മറച്ചുവെച്ച്, പതിയെ ഹിന്ദുത്വ അജണ്ടകൾ കുട്ടികളിൽ ഇൻജക്റ്റ് ചെയ്യാനുള്ള ശ്രമത്തെ ഒറ്റക്കെട്ടായി പ്രതിരോധിച്ചവരാണ് നമ്മൾ. എന്തിനു വേണ്ടി? ഹിന്ദുത്വഫാസിസത്തിന്റെ ഹിന്ദുത്വ അജണ്ടകൾ മതനിരപേക്ഷ ഇന്ത്യയിൽ നടപ്പിലാക്കാൻ അനുവദിക്കില്ല എന്നതുകൊണ്ട്. എന്നാൽ, അതുപോലെ ഗൗരവമുള്ള ഒന്നാണ്, ലിബറൽ ഫാസിസം. എന്താണിത് എന്ന് മനസ്സിലാവാത്തവർ ഉണ്ടായേക്കാം.

ഇവിടെയാണ് 'സൂംബ ഡാൻസ് വിദ്യാലയങ്ങളിലേക്ക്' എന്ന തലക്കെട്ടിൽ ആരംഭിച്ച ചർച്ചകൾ, അതിലെ വിയോജിപ്പുകൾ പറയുന്നതോടെ മതസ്പർദയെന്നും വർഗീയത ധ്രുവീകരണമെന്നെല്ലാമുള്ള പേരിൽ അജണ്ടകൾക്ക് വളമാക്കിയവരെ നാം പരിശോധിക്കേണ്ടത്. ഒരു പതിറ്റാണ്ട് കാലമായി കേരളത്തിൽ ജിം, ഫിറ്റ്നെസ് സെന്ററുകളിലെല്ലാം താൽപര്യമുള്ളവർക്ക് ചെയ്യാവുന്ന ഒന്നായി സൂംബ ഡാൻസ് നിലനിൽക്കെ എന്തുകൊണ്ട് ഇപ്പോൾ അതുമായി ബന്ധപ്പെട്ട ചർച്ചകൾ ഉണ്ടായി എന്നതിൽ നിന്നുതന്നെ വ്യക്തമാണ് ഇത് സൂംബയിലോ അതിന്റെ ഉപരിപ്ലവമായ പ്രകടനങ്ങളിലോ ഒതുങ്ങി നിൽക്കുന്നതല്ല വിഷയം എന്നത്. 60 ലക്ഷത്തോളം വിദ്യാർഥികളെയും 2.5 ലക്ഷത്തോളം അധ്യാപകരെയും ഇവർക്ക് പുറമെ രക്ഷിതാക്കൾ അടങ്ങുന്ന വലിയൊരു സമൂഹത്തെയും നേർക്കുനേരെ സ്വാധീനിക്കുന്ന ഒന്നാണ് നമ്മുടെ പൊതുവിദ്യാലയങ്ങൾ. സ്വകാര്യ സ്ഥാപനങ്ങൾ പോലെ ആളുകൾ അവരുടെ ചോയ്സ് അനുസരിച്ച് തീരുമാനിക്കുന്ന ഒന്നല്ല പൊതുസ്ഥാപനങ്ങൾ. അതുകൊണ്ട് തന്നെ അതുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങളിലും നയനിലപാടുകളിലും ഈ സ്റ്റേക്ക്ഹോൾഡേഴ്സിന് മുഴുവൻ പങ്കുണ്ട്. ഇതിൽതന്നെയും വ്യത്യസ്ത മത, ധാർമിക പരിസരങ്ങളിൽനിന്ന് വരുന്ന കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ഉണ്ട് എന്നതാണ് അത് മതനിരപേക്ഷവും ജനാധിപത്യപരവും ആകണമെന്നതിനുള്ള പ്രധാന കാരണം.

കേന്ദ്രസർക്കാർ 2020ൽ ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വെച്ചപ്പോൾ, അതിന്റെ ആദ്യഘട്ടം മുതൽ തന്നെ ഇന്ത്യയിലെ വ്യത്യസ്ത സംസ്ഥാനങ്ങൾ അതിനെതിരെ ശബ്ദിക്കുകയും നയത്തിന് മുന്നും പിന്നുമായി



സാമൂഹിക- സാമുദായിക സംഘടനകൾക്ക് സമൂഹത്തിലുള്ള ദൗത്യം സാംസ്കാരികമായി, ധാർമികമായി ഈ നാടിന്റെ വേരുകളെ ഉറപ്പിച്ചുനിർത്തുക എന്നതാണ്. എന്നാൽ മതവും ധാർമികതയും സദാചാരവും സംസ്കാരവുമെല്ലാം ചിലർക്ക് അയിത്തമായി തുടങ്ങിയിട്ട് അധിക കാലമൊന്നും ആയിട്ടില്ല. പുരോഗമനത്തിന്റെ പേരിൽ തികഞ്ഞ തോന്നിവാസങ്ങളെ എഴുന്നള്ളിക്കാൻ ശ്രമിക്കുന്നവർ, വേരിനെ മറന്നുള്ള വളർച്ച സ്വപ്നം കാണുന്നവർ; മനുഷ്യജീവിതത്തിന് പ്രത്യേകിച്ച് അർഥമോ ലക്ഷ്യമോ ഇല്ല എന്ന് പറയുന്ന, പരമാവധി ആസ്വാദനം മാത്രമാണ് ജീവിതലക്ഷ്യം എന്നും YOLO (You Only Live Once) -നിങ്ങൾ ഒരു തവണയേ ജീവിക്കുന്നുള്ളൂ, അത് മറ്റൊന്നും നോക്കാതെ ആർമാദിച്ച് തീർക്കണം- എന്നും പറയുന്ന ആശയം. Nihilism എന്ന് പറയുന്ന, Meaningless Life എന്ന ആശയാടിത്തറയിൽനിന്നും ഉത്ഭവിച്ച ചിന്ത. അതിനെ എതിർക്കുന്നവരെല്ലാം പ്രാകൃതരാകുന്ന, പുരോഗമന വിരുദ്ധരാകുന്ന കാഴ്ച 19ാം നൂറ്റാണ്ടിൽ യൂറോപ്പിലെ നിത്യകാഴ്ചയായിരുന്നു. ആധുനികതയിൽ ഉരുതിരിഞ്ഞ് ഉത്തരാധുനികതയിൽ പൂത്തുലഞ്ഞ ഈ ലിബറൽ മതത്തെയാണ് ഇവിടെ കേരളത്തിൽ ഇവർ പുരോഗമനമായി പ്രതിഷ്ഠിക്കുന്നത്. ഒരു സമൂഹത്തിന്റെ വളർച്ചയെ അവിടെയുണ്ടാകുന്ന ബൗദ്ധികവും സാമൂഹികവുമായ പുരോഗതിയെ അടിസ്ഥാനപ്പെടുത്താതെ ലിബറൽമതം പറയുന്ന സർവസ്വാതന്ത്ര്യത്തിലേക്കും സാംസ്കാരിക അധിനിവേശത്തിലേക്കുമാണ് ഇക്കൂട്ടർ സമീ

മതവും ധാർമികതയും സദാചാരവും സംസ്കാരവുമെല്ലാം ചിലർക്ക് അയിത്തമായി തുടങ്ങിയിട്ട് അധിക കാലമൊന്നും ആയിട്ടില്ല. പുരോഗമനത്തിന്റെ പേരിൽ തികഞ്ഞ തോന്നിവാസങ്ങളെ എഴുന്നള്ളിക്കാൻ ശ്രമിക്കുന്നവർ, വേരിനെ മറന്നുള്ള വളർച്ച സ്വപ്നം കാണുന്നവർ; മനുഷ്യജീവിതത്തിന് പ്രത്യേകിച്ച് അർഥമോ ലക്ഷ്യമോ ഇല്ല എന്ന് പറയുന്ന, പരമാവധി ആസ്വാദനം മാത്രമാണ് ജീവിതലക്ഷ്യം എന്നും YOLO (You Only Live Once) -നിങ്ങൾ ഒരു തവണയേ ജീവിക്കുന്നുള്ളൂ, അത് മറ്റൊന്നും നോക്കാതെ ആർമാദിച്ച് തീർക്കണം- എന്നും പറയുന്ന ആശയം. Nihilism എന്ന് പറയുന്ന, Meaningless Life എന്ന ആശയാടിത്തറയിൽനിന്നും ഉത്ഭവിച്ച ചിന്ത. അതിനെ എതിർക്കുന്നവരെല്ലാം പ്രാകൃതരാകുന്ന, പുരോഗമന വിരുദ്ധരാകുന്ന കാഴ്ച 19ാം നൂറ്റാണ്ടിൽ യൂറോപ്പിലെ നിത്യകാഴ്ചയായിരുന്നു.

കരിക്കുക. ഇത് സമൂഹത്തെ ഒന്നടങ്കം നശിപ്പിക്കാനേ കാരണമാകൂ.

ലിബറലിസം ഒരു മതമായി നമ്മുടെ മുന്നിൽ വരാത്തതുകൊണ്ടും അതിന്റെ അനുയായികൾ നമുക്കിടയിൽതന്നെ അവർ പോലുമറിയാതെ ഉണ്ടായിവരുന്നതും; ഈ ചിന്തകളും അതിന്റെ അനുരണങ്ങളും അതിവേഗം വർധിക്കാൻ കാരണമായിട്ടുണ്ട്. തുറന്ന ലൈംഗികത, ലഹരി, അരാഷ്ട്രീയത, ആഘോഷം എന്നിങ്ങനെ 'എന്റെ ശരീരം, എന്റെ തീരുമാനം, എന്റെ സ്വാതന്ത്ര്യം' എന്ന ന്യായീകരണവുമായി വരുന്ന ലിബറൽ ചിന്തകൾ ഏറ്റവുമാദ്യം റാഞ്ചിയെടുക്കുക വിദ്യാർഥികളെയും കുട്ടികളെയുമാണ്. ഏറ്റവുമാദ്യം നശിപ്പിക്കുക സംസ്കാരത്തെയും സദാചാരത്തെയുമായിരിക്കും. അമേരിക്കയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തോടെ ആരംഭിച്ച Counter Cultural Movement, യൂറോപ്പിൽ ആഞ്ഞടിച്ച ലൈംഗിക വിപ്ലവ പ്രസ്ഥാനങ്ങൾ പോലുള്ളവ സംഭാവന ചെയ്തത് ഈ തികഞ്ഞ അരാജകത്വം തന്നെയായിരുന്നു. ഇവിടെ ആധുനികത, ഈ അരാജകത്വത്തെ നടപ്പിലാക്കാൻ ഉപയോഗിച്ച ഒരു ടൂൾ മാത്രമായിരുന്നു മതം-സമൂഹം എന്ന ദ്വന്ദത്തെ സൃഷ്ടിക്കുക എന്നത്. മതത്തിനെന്താണ് പൊതു വിദ്യാലയത്തിൽ കാര്യം എന്ന ചോദ്യത്തിൽ പതിറ്റാണ്ടുകൾക്ക് മുമ്പ് എഴുതിത്തള്ളിയ ഈ അജണ്ട കാണാൻ സാധിക്കും.

മതവിശ്വാസികൾ അവരുടെ മതത്തെ അവരുടെ സ്വകാര്യ ഇടങ്ങളിൽ അനുഷ്ഠിച്ചാൽ മതിയെന്നും അത് വ്യക്തിഗത വിശ്വാസകർമങ്ങളിൽ മാത്രമെ ഉണ്ടാകാവൂ എന്നുമുള്ള തിട്ടൂരം വർഷങ്ങൾക്ക് മുമ്പു തന്നെ പ്രചരിപ്പിക്കപ്പെട്ടതായി നമുക്ക് കാണാൻ സാ

ധിക്കുന്നുണ്ട്. ഈ ലിബറൽ ആശയങ്ങളുടെ പ്രഭവകേന്ദ്രം അന്വേഷിച്ചാൽ നാം ചെന്നെത്തുക അക്കാലത്തെ യൂണിവേഴ്സിറ്റികളിലും തെരുവുകളിലുമാണ്. സ്വാതന്ത്ര്യവും വിപ്ലവവും പാരമ്പര്യത്തിനെതിരെ കൊണ്ടുവന്ന ഹിപ്പികൾ ആംസ്റ്റർഡാമിലേ ഡാം സ്ക്വയറിലും ലണ്ടനിലെ പിക്കാഡലി സ്ക്വയറിലും ഒരുമിച്ചുകൂടി അത് വിളംബരം നടത്തിയിരുന്നതായി പൗലോ കൊയ്‌ലോ പറയുന്നുണ്ട്.

ഈ സാമൂഹിക പരിവർത്തനത്തിന്റെ അലയൊലികൾ അര നൂറ്റാണ്ടിനിപ്പുറം നമ്മുടെ പൊതു മണ്ഡലങ്ങളിൽ അടിച്ച് വീശുമ്പോൾ യൂറോപ്പും അമേരിക്കയും പിന്നീട് അനുഭവിച്ച സാംസ്കാരിക അധഃപതനത്തെ മനഃപൂർവം വിസ്മരിക്കുന്നതാണ് നാം കാണുന്നത്. അവിടെ ആരംഭിച്ചതുപോലെ കേരളത്തിലും വിദ്യാലയങ്ങളും കലാലയങ്ങളും ഈ പ്രകമ്പനത്തെ അതിതീവ്രമായി അനുഭവിക്കാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. വിശേഷിച്ച് കൗമാരവും യൗവനവും ഇതിന്റെ പളപളപ്പുകളിൽ അഭിരമിക്കുന്നതിന്റെ അനന്തരഫലമാണ് നാം ദിനേന പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്ന നെഞ്ചലിയിക്കുന്ന വാർത്തകൾ. ഇതിന്റെ തുടർച്ചയെന്നോണം കൊണ്ടുവരുന്ന പരിഷ്കാരങ്ങൾ സ്വാഭാവികമായും എതിർക്കപ്പെടും എന്നതും ആ എതിർശബ്ദത്തെ ഈ ലിബറൽ ഫാസിസം ക്രൂരമായ വിധത്തിൽ അടിച്ചമർത്താൻ ശ്രമിക്കും എന്നതും ചരിത്രബോധമുള്ള ഏതൊരു പൗരനും പ്രതീക്ഷിക്കാവുന്നതേയുള്ളൂ. ഒരു ഭാഗത്ത് ഹിന്ദുത്വ ഫാസിസം പിടിമുറിക്കുമ്പോൾ മറുഭാഗത്ത് ലിബറൽ ഫാസിസം ആനന്ദനൃത്തം ചവിട്ടുന്ന കാഴ്ച ഈ സാംസ്കാരിക പരിണാമങ്ങളുടെ ഏറ്റവും തീവ്രമായ രംഗമാണ്. എന്നാൽ, ഇത്തരം ആശയങ്ങളെ മുൻനിറുത്തി സമൂഹത്തെ നയിക്കാൻ ശ്രമിച്ച ആൽബർട്ട് കമുവിനെയും ഫ്രെഡറിക് നീച്ചേയെയും പോലെയുള്ള ബുദ്ധിജീവികൾക്ക് ഇതെല്ലാം പറയുമ്പോഴും സമൂഹത്തെ കൊണ്ടുചെന്നെത്തിക്കുന്നത് അരക്ഷിതാവസ്ഥയെക്കുറിച്ച തികഞ്ഞ ഭയം ഉണ്ടായിരുന്നു. ഇവിടെ പുരോഗമനവാദികൾ എന്ന പേരിൽ ആഗോളവത്കൃത സമൂഹത്തിൽ ആ പാശ്ചാത്യൻ കാലടികൾ പിന്തുടരാൻ വെമ്പൽ കൊള്ളുന്ന ആധുനികർ ആ സമൂഹം ഇന്നനുഭവിക്കുന്ന പ്രത്യാഘാതങ്ങളും അനന്തരഫലങ്ങളും അറിയാൻ പോലും താൽപര്യപ്പെടാത്തവരാണ്. അത്തരം ആധികൾ ഉണ്ടാകാനുള്ള ദാർശനികമായ ആഴം അവർക്കില്ല എന്നതാണ് യാഥാർഥ്യം.




ഇവിടെയാണ് ഹിന്ദുത്വ ഫാസിസത്തെയും ലിബറൽ ഫാസിസത്തേയും നോക്കിക്കാണുന്നതിൽ ഇവിടെ കണ്ടുവരുന്ന പിഴവ് നമുക്ക് ബോധ്യപ്പെടുന്നത്. ഇവിടെയാണ് ഇക്കൂട്ടർ വിദ്യാഭ്യാസത്തെ സമാന സ്വഭാവത്തിൽ ലക്ഷ്യം വെക്കുന്നത് നാം കാണുന്നത്. ഒരുഭാഗത്ത് ഒരു വിശ്വാസത്തെ മാത്രമാണ് അവർ ഉന്നം വെക്കുന്നതെങ്കിൽ മറുഭാഗത്ത് ധാർമികതയുടെ സകല സീമകളെയും ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. NEPയിലൂടെ 2020ൽ എങ്ങനെയാണോ കേന്ദ്രസർക്കാർ ഹിന്ദുത്വ-സംഘ്പരിവാർ അജ

ണ്ടകൾ നടപ്പിലാക്കാൻ ശ്രമിച്ചത്, അതിന് സമാനമായി കേരളീയ പ്രബുദ്ധതയെ ചോദ്യം ചെയ്യുന്ന വിധത്തിലാണ് പല മാറ്റങ്ങളും സംസ്ഥാനത്ത് കൊണ്ടുവന്നത്. ഇത് പ്രത്യക്ഷത്തിൽ ചർച്ചയായ പ്രധാന സംഭവമായിരുന്നു 2008ൽ പുറത്തിറങ്ങിയ ഏഴാം ക്ലാസ് സാമൂഹ്യപാഠ പുസ്തകത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന അധ്യായം. മതനിരാസം മുന്നോട്ട് വെക്കുന്ന ആശയങ്ങളുണ്ടെന്നു ചൂണ്ടിക്കാണിച്ചുള്ള ശക്തമായ ഇടപെടലുകളെ തുടർന്ന് അന്ന് ഈ പാഠഭാഗം ഏറെ വിവാദമാകുകയും നിരവധി സമരങ്ങൾക്കും സംഘർഷങ്ങൾക്കുമൊടുവിൽ പിൻവലിക്കുകയും ചെയ്തതാണ്. കമ്യൂണിസം അടിസ്ഥാനപരമായി മുന്നോട്ടുവെക്കുന്ന മതനിരാസവും ദൈവനിഷേധവും ഈ വിധത്തിൽ അടിച്ചേൽപിക്കാനുള്ള ശ്രമം പിന്നീട് തുടരുന്ന കാഴ്ചയാണ് പലവിധേന നാം കാണുന്നത്. കേന്ദ്രത്തിലും കേരളത്തിലും മാറി മാറി വരുന്ന സർക്കാരുകൾക്ക് ഇത്തരത്തിൽ അജണ്ടകൾ നടപ്പിലാക്കാനുള്ളതല്ല പൊതുവിദ്യാലയങ്ങളും പാഠപുസ്തകങ്ങളും എന്നതുതന്നെയാണ് സെക്യുലർ പക്ഷത്തുനിന്നുയർന്ന പ്രധാന ആഹ്വാനം. എന്നാൽ 2022ൽ സർക്കാർ പുറത്തുവിട്ട പാഠ്യപദ്ധതി കരട് രേഖ വീണ്ടും ഇതാവർത്തിക്കുന്നതാണ് നാം കണ്ടത്.

ജെൻഡർ ന്യൂട്രാലിറ്റി യൂണിഫോം നടപ്പിലാക്കാൻ ആരംഭിച്ചപ്പോൾ സാമൂഹിക-പൊതു മണ്ഡലങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്താനുണ്ടായ കാരണവും ഈ ലിബറൽ ആശയങ്ങളുടെ ഒളിച്ചുകടത്തൽ ശ്രമം തന്നെയാണ്. ആദ്യം യൂണിഫോം, പാന്റ്സ്, വസ്ത്രം, കംഫർട്ട് എന്നതിലെല്ലാം ചർച്ചകളെ കൂട്ടിക്കെട്ടാൻ ശ്രമിച്ചപ്പോഴും പിന്നീട് കടന്നുവരാനിരിക്കുന്ന ജെൻഡർ പൊളിറ്റിക്സ് അജണ്ടകൾ അന്നുതന്നെ കൃത്യമായി ചർച്ചകളിൽ കൊണ്ടുവന്നിരുന്നു. ആൺ-പെൺ ലിംഗങ്ങൾ ജൈവികമാണെന്നും അതുതന്നെയാണ് ലിംഗത്വം അഥവാ ജെൻഡർ എന്നും അന്ന് വ്യക്തമാക്കിയതാണ്. ഇത്തരം ലിബറൽ ആശയങ്ങൾ എന്തുകൊണ്ട് മതവിരുദ്ധം മാത്രമല്ല, സാമൂഹിക വിരുദ്ധം കൂടിയാണ് എന്ന ചോദ്യത്തിന്റെ ഉത്തരം കൂടിയാണ് ഈ ജെൻഡർ ചർച്ചകൾ. സമൂഹത്തിൽ ചില മാനസിക വ്യതിചലനം മൂലമുണ്ടാകുന്ന Transgender വിഭാഗങ്ങളെ ഉൾകൊള്ളിക്കാൻ എന്ന പേരിൽ പിന്നീട് സംഭവിച്ചത് 60-70 വർഷങ്ങൾക്ക് മുമ്പ് യൂറോപ്പിൽ സെക്ഷ്വൽ വിപ്ലവത്തിന്റെ കാലത്ത് അവർ ഉപയോഗിച്ച് പിന്നീട് വലിച്ചെറിഞ്ഞ അതേ ആശയത്തെയാണ്. 'ജെൻഡർ ഒരു സാമൂഹിക നിർമിതിയാണ്' എന്നു തന്നെയാണ് സർക്കാർ നയം എന്ന് വിദ്യാഭ്യാസമന്ത്രി നിയമസഭയിൽ എഴുതി നൽകിയ മറുപടിയിൽ വ്യക്തമാക്കി. ഒപ്പം എതിർലിംഗസാധരാണത്വം (Heteronormative) അഥവാ, സ്ത്രീ-പുരുഷ ബന്ധങ്ങൾ എന്ന സങ്കൽപം ഒരു ഭാരമാണെന്നും, സ്വവർഗലൈംഗികത സ്വാഭാവികവൽക്കരിക്കുന്ന (Homonormative)) ആശയമാണ് വേണ്ടത് എന്നും അന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ട്വീറ്റ് ചെയ്യുകയും ചെയ്തു. പഴകിപ്പുളിച്ച ഇത്തരം ജീർണതകൾ പുരോഗമനമാണെന്നു പറഞ്ഞ് കേരളക്കരയിൽ എഴുന്നള്ളിക്കാൻ കാരണം പൊടുന്നനെ ഉണ്ടായ മാറ്റമല്ല. മറിച്ച് LGBTQIA+ മൂവ്മെന്റുകൾ, പ്രൈഡ് മാർച്ചുകൾ, സിനിമകൾ, സമ്മേളനങ്ങൾ എല്ലാം നടത്തി ഇവിടെ ഉണ്ടാക്കിയെടുത്തിട്ടുള്ള, ഉഴുതുമറിച്ച മണ്ണിലേക്ക് വിത്തുകൾ പാകുന്ന പണി മാത്രമാണ് ഇപ്പോൾ ഇതുവഴി ചെയ്യുന്നത്. 10 വർഷങ്ങൾക്ക് മുമ്പ് സ്വവർഗ

> സൂംബ ഡാൻസ് ആരോട് ചർച്ച ചെയ്യണം എന്ന് ചോദിച്ചവരോട് ജനകീയ സദസ്സുകൾ എന്തിന് വേണ്ടിയായിരുന്നു എന്നാണ് ചോദിക്കാനുള്ളത്. എന്തുകൊണ്ട് ഇത്രയും എതിർപ്പുകൾ ഉയരുന്നു എന്നും ഇപ്പോൾ എടുത്ത് ചാടിയതാണോ എന്നും സംശയമുള്ളവരോട്, ഇത്തരം പ്രതിഷേധങ്ങളും ഇടപെടലുകളും തന്നെയാണ് സമൂഹത്തെ കനത്ത അരാജകത്വത്തിലേക്ക് തള്ളിവിടാതെ കാത്തുരക്ഷിക്കുന്നത് എന്നാണ് പറയാനുള്ളത്.

ലൈംഗികതയെ കണ്ടതുപോലെയല്ല ഇപ്പോൾ സമൂഹം കാണുന്നത് എന്നിടത്ത് അന്ന് തിന്മയായിരുന്ന ഒന്ന് ഇന്ന് നിസ്സാരമാക്കാൻ അവർക്ക് സാധിച്ചതിന്റെ ഭാഗമാണ്. പ്രണയം, ആൺ-പെൺ സങ്കലനം, ആഘോഷങ്ങൾ, ലഹരി എന്നിങ്ങനെ നിസ്സാരവൽകരിച്ചവയുടെ ലിസ്റ്റ് നീളുന്നുണ്ട്. ഈ ജെൻഡർ രാഷ്ട്രീയം അവിടെയും അവസാനിക്കുന്നില്ല എന്നത് നമ്മെ തെല്ലൊന്നുമല്ല ഭയപ്പെടുത്തുന്നത്. 2 ജെൻഡർ എന്നത് 24, 72, 300 പിന്നെ Gender Fluidity അഥവാ ആർക്കും ആണും പെണ്ണും പട്ടിയും പൂച്ചയും എല്ലാമായി സ്വയം ഐഡന്റിഫൈ ചെയ്യാമെന്നും വേണമെങ്കിൽ 40 വയസ്സുകാരന് 5 വയസ്സുള്ള കുട്ടിയായും പൂർണ ആരോഗ്യമുള്ള ഒരാൾക്ക് അന്ധനോ മുടന്തനോ ആയുമെല്ലാം സ്വയം തിരിച്ചറിയാമെന്നും അങ്ങനെ തിരിച്ചറിഞ്ഞാൽ അത് പൂർണമായും അംഗീകരിച്ച് അതുപോലെ അവരോട് പെരുമാറുക എന്നത് സമൂഹത്തിന്റെ ബാധ്യതയാണ് എന്നുമാണ് ജെൻഡർ പൊളിറ്റിക്സ് പറഞ്ഞുവെക്കുന്നത്. ലൈംഗിക ആഭിമുഖ്യം മൃഗങ്ങളോടും മൃതശരീരങ്ങളോടും കുട്ടികളോടും വരെ ആകാം എന്നാണ് പറഞ്ഞു വെക്കുന്നത്. ഇതിന്റെ പേരിൽ Sex Reassignment Surgery (SRS) പോലെ പലപ്പോഴും ക്രൂരമായ ശസ്ത്രക്രിയകൾക്കുവരെ തയ്യാറാവാമെന്ന് പറയുന്ന ഈ ആശയമാണ് പാന്റ്സിലും ഡ്രസ്സിലും ഒതുക്കിത്തീർക്കാൻ കേരളത്തിലെ ബുദ്ധിജീവികൾ ശ്രമിച്ചത്.

30 ലക്ഷം വിദ്യാർഥികളുടെ ക്ലാസ്റൂം ചർച്ചകളിടൂടെയും ഓൺലൈനായുള്ള അഭിപ്രായ ശേഖരണത്തിലൂടെയും സ്കൂൾതലം മുതൽ നടത്തിയ ജനകീയ ചർച്ചകളിലൂടെയും അഭിപ്രായങ്ങൾ സ്വരൂപിച്ച് ഒടുവിൽ 2023ൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് (KCF) പുറത്ത് വന്നപ്പോൾ കൃത്യമായും എതിർശബ്ദങ്ങളെ അവഗണിച്ച്, അജണ്ടകൾ നടപ്പിലാക്കുന്ന കാഴ്ചയാണ് കണ്ടത്. സൂംബ ഡാൻസ് ആരോട് ചർച്ച ചെയ്യണം എന്ന് ചോദിച്ചവരോട് ജനകീയ സദസ്സുകൾ എന്തിന് വേണ്ടിയായിരുന്നു എന്നാണ് ചോദിക്കാനുള്ളത്. എന്തുകൊണ്ട് ഇത്രയും എതിർപ്പുകൾ ഉയരുന്നു എന്നും ഇപ്പോൾ എടുത്ത് ചാടിയതാണോ എന്നും സംശയമുള്ളവരോട്, ഇത്തരം പ്രതിഷേധങ്ങളും ഇടപെടലുകളും തന്നെയാണ് സമൂഹത്തെ കനത്ത അരാജകത്വത്തിലേക്ക് തള്ളിവിടാതെ കാത്തുരക്ഷിക്കുന്നത് എന്നാണ് പറയാനുള്ളത്. കുട്ടികളല്ലേ, ഡാൻസല്ലേ, അവർ സന്തോഷിക്കട്ടെ, അവർക്ക് പ്രശ്നമില്ലല്ലോ എന്നെല്ലാം പറഞ്ഞുകൊണ്ടിരിക്കുന്നവർ യാതൊരു ആശയാടിത്തറയോ ധൈഷണികമായ ആഴമോ ഇല്ലാത്തവരാണ്.




ഇതൊക്കെ പറയുമ്പോൾ അത് അമേരിക്കയിലല്ലേ, യൂറോപ്പിലല്ലേ എന്ന് ചിന്തിക്കുന്ന ചിലരെങ്കിലും ഉണ്ടാവും. വർത്തമാനകാല വാർത്തകൾതന്നെ അത്തരക്കാർക്ക് വലിയ തിരുത്താണ്. ഈ കാഴ്ചകൾ ഇന്ന് നാം കേരളത്തിൽ വ്യാപകമായി കാണുന്നു.

'മതമില്ലാത്ത ജീവൻ' എന്നതുപോലെ 'ലിംഗ വിവചനമില്ലാത്ത ലോകത്തേക്ക്' എന്ന പേരിൽ ഈ ലിബറൽ ലൈംഗിക ആശയങ്ങളെയാണ് നമ്മുടെ മക്കൾ ഇന്ന് പാഠപുസ്തകങ്ങളിൽ പഠിക്കുന്നത്. ഈ പറഞ്ഞ കുത്തഴിഞ്ഞ ലൈംഗികതയുടെ സകല മേഖലകളിലേക്കും ചില സൂചകങ്ങൾ കൃത്യമായും വെച്ചിരിക്കുന്നു. ഒരു കുട്ടി ആണാണോ പെണ്ണാണോ എന്നത് ആർജിതമായ ഒരു പദവിയാണ് എന്നും, ഒരു തൊഴിൽ തേടി, നേടിയെടുക്കുന്നതുപോലെ ആർജിച്ചെടുക്കേണ്ടതാണ് എന്നും നമ്മുടെ മക്കൾ ഇന്ന് പഠിക്കുന്നുണ്ട്. നാളെ അവർ അതേ ആശയം ജീവിതത്തിൽ നടപ്പിലാക്കി, ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല എന്ന് പറഞ്ഞാൽ അത് അംഗീകരിക്കേണ്ട ഗതികേടിലേക്ക് രക്ഷിതാക്കൾ തള്ളിയിടപ്പെടും

*(അവസാനിച്ചില്ല)*

നുബ്‌ല എം
പ്രസിഡന്റ്, വിസ്ഡം ഗേൾസ്, കേരള

ജെൻഡർ ന്യൂട്രൽ ആശയങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ വേണ്ടി നടത്തിയ ശ്രമങ്ങൾ വിമർശന വിധേയമായപ്പോൾ, സർക്കാർ പൊതുജനാഭിപ്രായം തേടുവാനെന്ന പേരിൽ ജനകീയ ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ അന്ന് നടത്തിയ ചർച്ചകളുടെ കൃത്യമായ ഫലം പുറത്തുവിടാൻ തയ്യാറായുമില്ല. അത്തരം അപകടകരമായ ആശയങ്ങൾ പിന്നീട് നമ്മുടെ പാഠപുസ്തകങ്ങളിൽ അച്ചടിച്ചു വരുന്ന കാഴ്ചയാണ് നാം കണ്ടത്.



# മൂല്യങ്ങൾക്കൊപ്പം മുന്നോട്ട്

ശാരീരികക്ഷമതയും ആരോഗ്യപരമായ ഉണർവും വിദ്യാർഥികൾക്ക് അത്യന്താപേക്ഷിതമാണ് എന്നതിൽ തർക്കമില്ല. പക്ഷേ, ആ ലക്ഷ്യങ്ങളിലേക്ക് നയിക്കുന്ന മാർഗങ്ങളിൽ ധാർമികതയ്ക്കും മൂല്യങ്ങൾക്കും ശോഷണം സംഭവിക്കുന്ന എന്തെങ്കിലുമുണ്ടോ എന്നു കൂടി പരിശോധിക്കുകയും അവയിൽ വിയോജിപ്പുണ്ടെങ്കിൽ അത് രേഖപ്പെടുത്തുകയും ചെയ്യുക സ്വാഭാവികമല്ലേ?

സൂംബ ഡാൻസ് സ്കൂളുകളിലേക്ക് എത്തുന്നത് വിദ്യാർഥികൾക്കിടയിൽ പാശ്ചാത്യ സംസ്കാരം അറിഞ്ഞോ അറിയാതെയോ വളരാൻ കാരണമാകുമെന്ന് നിസ്സംശയം പറയാനാവും. ഇത്തരം പുതിയ പദ്ധതികൾ നമ്മുടെ പൊതുവിദ്യാലയങ്ങളിലേക്ക് കൊണ്ടുവരുമ്പോൾ അക്കാദമിക രംഗത്തെ വിദഗ്ധരുമായോ അധ്യാപക-വിദ്യാർഥി സംഘടനകളുമായോ ഒന്നും ചർച്ച ചെയ്യുന്നില്ലെന്ന് മാത്രമല്ല, വളരെ ലാഘവത്തോടെ നമ്മുടെ പാഠപുസ്തകങ്ങളിൽ വരെ ഉൾപ്പെടുത്തുന്നു എന്നത് സാക്ഷരകേരളത്തിന് ഒട്ടും ഭൂഷണമല്ല.

മുമ്പ് ജെൻഡർ ന്യൂട്രൽ ആശയങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്താൻ വേണ്ടി നടത്തിയ ശ്രമങ്ങൾ വിമർശന വിധേയമായപ്പോൾ, സർക്കാർ പൊതുജനാഭിപ്രായം തേടുവാനെന്ന പേരിൽ ജനകീയ ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ അന്ന് നടത്തിയ ചർച്ചകളുടെ കൃത്യമായ ഫലം പുറത്തുവിടാൻ തയ്യാറായുമില്ല. അത്തരം അപകടകരമായ ആശയങ്ങൾ പിന്നീട് നമ്മുടെ പാഠപുസ്തകങ്ങളിൽ അച്ചടിച്ചു വരുന്ന കാഴ്ചയാണ് നാം കണ്ടത്. ഇതിന്റെ തുടർച്ചയെന്നോണമാണ്, ഈ അധ്യയന വർഷം തന്നെ എട്ടാം ക്ലാസ്സിലെ കലാവിദ്യഭ്യാസം പാ

റപുസ്തകത്തിൽ ഉൾപ്പെടുത്തിയ സൂംബ വിഷയത്തെയും നാം കാണുന്നത്.

പൊതുവിദ്യാലയങ്ങളിൽ എന്ത് പുതിയ പരീക്ഷണങ്ങൾ കൊണ്ടുവരുമ്പോഴും തീർച്ചയായും പൊതുജനങ്ങൾക്ക് അവരുടെ അഭിപ്രായങ്ങളും വിയോജിപ്പുകളും രേഖപ്പെടുത്താൻ ഇവിടെ അവകാശവും സ്വാതന്ത്ര്യവുമുണ്ട്. നിലവിലെ വിദ്യാഭ്യാസ സംവിധാനങ്ങളിലെ പോരായ്മകൾ ആരെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾ, അവയോട് പുറംതിരിഞ്ഞു നിൽക്കുന്നതും എതിർസ്വരങ്ങൾക്ക് വർഗീയ ചാപ്പ നൽകുന്നതുമെല്ലാം ജനാധിപത്യത്തിന്റെ കടക്കൽ കത്തിവയ്ക്കുന്നതും പൊതുവിദ്യാലയങ്ങളുടെ അന്തസ്സത്തയെ തന്നെ ചോദ്യം ചെയ്യുന്നതുമാണ്.

സൂംബ കൊണ്ടുവരുന്നതിലൂടെ വിദ്യാർഥികളുടെ കായികക്ഷമത വളർത്തലാണ് ലക്ഷ്യമെങ്കിൽ, നിലവിലുള്ള പി.ഇ.ടിയും ഡ്രില്ലുകളും ഉൾപ്പടെയുള്ളവ കാര്യക്ഷമമായി നടപ്പിൽ വരുത്തുകയല്ലേ ചെയ്യേണ്ടത്? വിദ്യാർഥികൾക്കിടയിലെ ലഹരി വ്യാപനത്തെ ചെറുക്കലാണ് ലക്ഷ്യമെങ്കിൽ അതിന് ദീർഘവീക്ഷണത്തോടെയുള്ള ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുകയുമാണ് വേണ്ടത്. ലക്ഷ്യമെന്താണെന്ന് അത് കൊണ്ടുവന്നവർ തന്നെയാണ് വ്യക്തമാക്കേണ്ടത്.

സൂംബ ഡാൻസ് എന്നത് പലർക്കും ഒരു ഫിറ്റ്നസ് എക്സർസൈസായി മാത്രം തോന്നാം. പക്ഷേ, പെൺകുട്ടികളെ പലപ്പോഴും ഉപഭോഗവസ്തുക്കൾ മാത്രമായി കാണുന്ന, ആധുനിക 'പുരോഗമന' സംസ്കാരത്തെ പറ്റി ധാരണയുള്ള, ധാർമിക ബോധത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഏതൊരു പെൺകുട്ടിക്കും അതിൽ തന്റേതായ ആശങ്കയും ഉത്കണ്ഠയും ഉണ്ടാവുക സ്വാഭാവികം. ഞാനൊരു മുസ്‌ലിമാണ്, എന്റെ ശരീരം എനിക്ക് വലിയൊരു ഉത്തരവാദിത്തമാണ് എന്ന ബോധത്തിൽ വളരുന്ന ഒരു പെൺകുട്ടിക്ക്, പൊതുവേദികളിൽ മോശമായി വ്യാഖ്യാനിക്കപ്പെടാനിടയുള്ള ശരീരചലനങ്ങൾക്ക് പോകേണ്ടതില്ലെന്ന ബോധ്യം അവളുടെ പേഴ്സണൽ ചോയ്സാണ്. അവളുടെ മതാധ്യാപനങ്ങളും സദാചാര മൂല്യങ്ങളും അവൾക്ക് പകർന്നു നൽകിയ വിശ്വാസത്തിൽ അടിയുറച്ച തിരിച്ചറിവാണത്.

പെൺകുട്ടികളെ പലപ്പോഴും ഉപഭോഗവസ്തുക്കൾ മാത്രമായി കാണുന്ന, ആധുനിക 'പുരോഗമന' സംസ്കാരത്തെ പറ്റി ധാരണയുള്ള, ധാർമിക ബോധത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഏതൊരു പെൺകുട്ടിക്കും അതിൽ തന്റേതായ ആശങ്കയും ഉത്കണ്ഠയും ഉണ്ടാവുക സ്വാഭാവികം. ഞാനൊരു മുസ്‌ലിമാണ്, എന്റെ ശരീരം എനിക്ക് വലിയൊരു ഉത്തരവാദിത്തമാണ് എന്ന ബോധത്തിൽ വളരുന്ന ഒരു പെൺകുട്ടിക്ക്, പൊതുവേദികളിൽ മോശമായി വ്യാഖ്യാനിക്കപ്പെടാനിടയുള്ള ശരീരചലനങ്ങൾക്ക് പോകേണ്ടതില്ലെന്ന ബോധ്യം അവളുടെ പേഴ്സണൽ ചോയ്സാണ്.

വിദ്യാഭ്യാസം എന്നത് ശരീരത്തെ മാത്രമല്ല, മനസ്സിനെയും ആത്മാവിനെയും സ്ഫുടം ചെയ്തെടുക്കേണ്ട ഒന്നാണ്. 'പുരോഗമന'മെന്ന പേരിൽ ഇന്ന് സമൂഹത്തിൽ, പ്രത്യേകിച്ചും വിദ്യാർഥി വിദ്യാർഥിനികൾക്കിടയിൽ ലിബറലുകൾ സൃഷ്ടിച്ച ലഹരിയുടെയും സ്വതന്ത്രചിന്തയുടെയും ലൈംഗിക ആഭാസങ്ങളുടെയും സ്ക്രീനിനോടും സെലിബ്രിറ്റികളോടും സൗന്ദര്യവർധക വസ്തുക്കളോടുള്ള അമിതമായ ഭ്രമത്തിന്റെയുമെല്ലാം നീരാളിപ്പിടുത്തത്തിൽനിന്ന് അവരെ മോചിപ്പിക്കേണ്ടതുണ്ട്. അതിന് കൃത്യമായ ചർച്ചകൾക്കും ആസൂത്രണങ്ങൾക്കും ശേഷം ആവിഷ്കരിക്കുന്ന ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളിലൂടെയേ ഫലമുണ്ടാവൂ.

ഞങ്ങൾ ആധുനികതയ്ക്കെതിരല്ല. ഞങ്ങൾ നല്ല ആരോഗ്യം കൈവരിക്കണമെന്ന ആഗ്രഹത്തിനുമെതിരല്ല. പക്ഷേ, അതിനായി ഞങ്ങളുടെ വിശ്വാസത്തെ, സംസ്കാരത്തെ, ആത്മാഭിമാനത്തെ ത്യജിക്കേണ്ടിവരുന്ന വഴികളിലൂടെ നടക്കാൻ ഞങ്ങൾ തയ്യാറല്ല. ലഹരിപോലെ സർവരാലും എതിർക്കപ്പെടുന്ന വിപത്തുകളെ നേരിടുവാൻ പുകമറകൾക്കപ്പുറം, സർക്കാർ തന്നെ മുൻകൈയെടുത്ത് ജനാധിപത്യ വിശ്വാസികളായ എല്ലാവരെയും ചേർത്ത് നിർത്തുന്ന, കൂടുതൽ ശാസ്ത്രീയമായ പഠനങ്ങളും ഗവേഷണങ്ങളും നടത്തുവാൻ, സൂംബയുമായി ബന്ധപ്പെട്ട ഈ ചർച്ചകൾ സഹായകമാകുമെന്ന് പ്രത്യാശിക്കാം.

■



സമീർ മുണ്ടേരി
: 8594044600

# സൂംബാ ഡാൻസിനെ എന്തിന് എതിർക്കണം?

ഇസ്‌ലാമിനെ എതിർക്കാനും ഇല്ലാതാക്കാനും എല്ലാ കാലത്തും ശത്രുക്കൾ ശ്രമിച്ചിട്ടുണ്ട്. എന്നിട്ടും ഇസ്‌ലാം തളരാത്തതിന്റെ കാരണം അത് ദൈവിക മതമാണ് എന്നതാണ്. ഈ ദൈവിക മതമാകുന്ന പ്രകാശത്തെ ആരെല്ലാം ഊതിക്കെടുത്താൻ ശ്രമിച്ചാലും അത് വൃഥാവിലാകും എന്നാണ് അല്ലാഹുവിന്റെ പ്രഖ്യാപനം. അല്ലാഹു പറയുന്നത് നോക്കൂ: "അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണമാക്കാതെ സമ്മതിക്കുകയില്ല. സത്യനിഷേധികൾക്ക് അത് അനിഷ്ടകരമായാലും" (ക്വുർആൻ 9:32).

**എന്താണ് നമ്മുടെ റോൾ?**

ഇഹലോകത്ത് ജീവിക്കാൻ അല്ലാഹു നമുക്ക് അവസരം നൽകിയത് അവന്റെ കൽപനകൾ പാലിച്ചു ജീവിക്കാനാണ്. അല്ലാഹു പറയുന്നു: "നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (ക്വുർആൻ 67: 2).

എങ്ങനെ ജീവിക്കണം എന്നു നമുക്ക് കാണിച്ചുതരാനും പഠിപ്പിക്കാനുമായി അല്ലാഹു നമ്മിലേക്ക് നിയോഗിച്ച പ്രവാചകനാണ് മുഹമ്മദ്(സ്വ). 23 വർഷത്തെ

വളർന്നുവരുന്ന തലമുറയെ ധാർമിക-സദാചാര മാർഗ ത്തിൽനിന്ന് അകറ്റുക, ലിബറൽ ചിന്തയുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ജെന്റർ ന്യൂട്രാലിറ്റി വിഷയം ഭരണകൂടം കൊണ്ടുവന്നത് നമുക്കറിയാം. മുസ്‌ലിം നേതൃത്വം ഒരുമിച്ചുനിന്ന് അതിനെതിരെ ആശയ പോരാട്ടം നടത്തിയതിന് കേരളം സാക്ഷ്യം വഹിച്ചു. ഇരുട്ടിലേക്ക് സമൂഹത്തെ കൊണ്ടുപോകാനുള്ള ശ്ര മത്തിനു നേരെ ഒരുമിച്ച് നാം ശബ്ദമുയർത്തിയത് സുന്ദര മാതൃകയാണ്. പല മേഖലകളിലും ആശയപര മായ അഭിപ്രായഭിന്നതകൾ ഉണ്ടെങ്കിലും മുസ്‌ലിം ഉമ്മ ത്തിനെ ബാധിക്കുന്ന പൊതു തിന്മക്കെതിരെ ഒരുമിച്ചു നിൽക്കാൻ സാധിച്ചത് ജെന്റർ പൊളിറ്റിക്സ് എന്താണ് എന്ന് കൃത്യമായി പഠിച്ചു എന്നതിനു തെളിവാണ്.

പ്രവാചകത്വ ജീവിതത്തിലൂടെ പരിശുദ്ധ മതം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം പൂർത്തീകരിച്ചു. വിശ്വാസകാര്യങ്ങളും അനുഷ്ഠാന കാര്യങ്ങളും പെരുമാറ്റ മര്യാദകളുമെല്ലാം അവിടുന്ന് കൃത്യമായി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ക്വുർആനിലൂടെയും സുന്നത്തിലൂടെയും സലഫുകൾ നമുക്ക് കൈമാറിയ ദീൻ അനുസരിച്ച് കഴിവിന്റെ പരമാവധി ഭക്തിയോടെ ജീവിക്കുക എന്നതാണ് നമ്മുടെ കടമ.

### പരീക്ഷണങ്ങളും പ്രതിസന്ധികളും കൂടെയുണ്ടാകും

സ്വർഗം വെറുതെ ലഭിക്കില്ലെന്ന് ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. കടുത്ത പരീക്ഷണങ്ങളെ നേരിടേണ്ടി വരും. പതറാതെ പിടിച്ചു നിൽക്കാൻ വിശ്വാസിക്ക് സാധിക്കണം. അവസാനകാലം വരുമ്പോൾ വിശ്വാസത്തോടെ ജീവിക്കുന്നവർക്ക് തീക്കനൽ കൈയിൽ പിടിച്ച അവസ്ഥയായിരിക്കുമെന്ന് നബി(സ്വ) പറഞ്ഞത് അനുഭവത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്ന ഒരു കാലഘട്ടത്തിലാണ് നാമുള്ളത്. മുസ്‌ലിമായി ജിവിക്കാൻ നമുക്ക് പ്രയാസമില്ലെങ്കിലും പരിഹാസങ്ങളും വെല്ലുവിളികളും ചുറ്റിൽനിന്നും നാം കേൾക്കുന്നുണ്ട്.

വളർന്നുവരുന്ന തലമുറയെ ധാർമിക-സദാചാര മാർഗത്തിൽനിന്ന് അകറ്റുക, ലിബറൽ ചിന്തയുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ജെന്റർ ന്യൂട്രാലിറ്റി വിഷയം ഭരണകൂടം കൊണ്ടുവന്നത് നമുക്കറിയാം. മുസ്‌ലിം നേതൃത്വം ഒരുമിച്ചുനിന്ന് അതിനെതിരെ ആശയ പോരാട്ടം നടത്തിയതിന് കേരളം സാക്ഷ്യം വഹിച്ചു. ഇരുട്ടിലേക്ക് സമൂഹത്തെ കൊണ്ടുപോകാനുള്ള ശ്രമത്തിനു നേരെ ഒരുമിച്ച് നാം ശബ്ദ മുയർത്തിയത് സുന്ദര മാതൃകയാണ്. പല മേഖലകളിലും ആശയപരമായ അഭിപ്രായഭിന്നതകൾ ഉണ്ടെങ്കിലും മുസ്‌ലിം ഉമ്മത്തിനെ ബാധിക്കുന്ന പൊതു തിന്മക്കെതിരെ ഒരുമിച്ചു നിൽക്കാൻ സാധിച്ചത് ജെന്റർ പൊളിറ്റിക്സ് എന്താണ് എന്ന് കൃത്യമായി പഠിച്ചു എന്നതിനു തെളിവാണ്.

### സൂംബാ ഡാൻസ്

കുട്ടികളുടെ സ്ട്രെസ്സ് കുറക്കുക, ലഹരി വസ്തുക്കളിൽ നിന്നും അകറ്റിനിർത്തുക എന്ന ലക്ഷ്യത്തോടെയാണത്രെ സൂംബ ഡാൻസ് വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നത്. കൃത്യമായ പഠനങ്ങളോ കൂടിയാലോചനകളോ ശാസ്ത്രീയ പഠനങ്ങളുടെ പിൻബലമോ ഇല്ലാതെയാണ് ഇത് നടപ്പിലാക്കിയതെന്ന് എല്ലാവർക്കുമറിയാം. അതിൽ പതിയിരിക്കുന്ന അപകടം തിരിച്ചറിയാതെയാണ് സമുദായ നേതാക്കളിൽ പലരും അതിനെ അനുകൂലിച്ച് പ്രസ്താവനയിറക്കിയത്. മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല ഇത് എന്ന് മനസ്സിലാക്കിയ, ഇതര മതസ്ഥരും ഇതിനെതിരെ നിലപാട് വ്യക്തമാക്കിയത് നാം കണ്ടു.

### മക്കളെ തിരുത്തണം

വളർന്നുവരുന്ന നമ്മുടെ കുട്ടികൾ; തിന്മയുടെ കൂത്തരങ്ങുകളാണ് അവരുടെ ചുറ്റുമുള്ളത്. അവർക്ക് നന്മയേതാണ് തിന്മയേതാണ് എന്നു പഠിപ്പിക്കേണ്ടത് നമ്മളാണ്. ലിബറലുകളുടെ ലക്ഷ്യം നമ്മുടെ മക്കളാണ് എന്നത് നാം മറക്കരുത്. ഇന്ന് തിന്മയെ തിന്മയെന്നു വിളിച്ചു പറയാൻ കുറച്ചു പേരുണ്ട് എന്നത് സത്യമാണ്. എന്നാൽ നാളെയോ? നമ്മുടെ മക്കളെ ധാർമികമായി വളർത്തിയില്ലെങ്കിൽ വരും തലമുറയോട് നാം

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്തുവന്ന വീഡിയോ ക്ലിപ്പുകൾ പരിശോധിച്ചാൽ തന്നെ അതിലുള്ള അനിസ്‌ലാമികത നമുക്ക് മനസ്സിലാക്കാൻ കഴിയും. അതാണ് കുട്ടികൾക്ക് പഠിക്കാനായി നൽകിയത്. യൂനിഫോം ധരിച്ചാണല്ലോ കുട്ടികളുടെ ഡാൻസ് എന്ന ന്യായീകരണം അപ്രസക്തമാണ്. ലഹരിക്കെതിരെ എന്ന പേരിൽ സംഗീതത്തിന്റെ അകമ്പടിയോടെ ദിവസേന ഡാൻസ് ചെയ്താൽ ഡാൻസും സംഗീതവും ഒരു ലഹരിയായി മാറും, അത് വളർന്ന് ഡിജെ പാർട്ടിയിലേക്കെത്തും, അവിടെയെത്തിയാൽ ലഹരിയില്ലാതെ എന്ത് കളി?

കാണിക്കുന്ന ഏറ്റവും വലിയ അനീതി അതായിരിക്കും. അതുകൊണ്ട് മക്കളെ നാം തിരുത്തണം. അവർ കലാലയങ്ങളിൽ പോകുന്നത് അറിവും വിവേകവും നേടി സമൂഹത്തിനും കുടുംബത്തിനും നാടിനും ഉപകാരപ്പെടുന്നവരാകാൻ വേണ്ടിയാണ്. ഇത്തരം ഡാൻസും പാട്ടുമൊക്കെ ഡിജെ പാർട്ടിയിലേക്കും ലഹരിയിലേക്കുമാണ് നയിക്കുക എന്ന തിരിച്ചറിവ് നമുക്കു വേണം.

പ്രവാചകന്റെ പള്ളിയിൽ നിന്നും സ്വുബ്ഹി നമസ്കാരം കഴിഞ്ഞയുടൻ ഒരാൾ എഴുന്നേറ്റ് പോകുന്നു. കാര്യമന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'എന്റെ അയൽവാസിയുടെ വീട്ടിലെ ഈത്തപ്പഴം എന്റെ മുറ്റത്തേക്ക് വീഴാറുണ്ട്. മക്കൾ എഴുന്നേറ്റുവന്ന് അത് അറിയാതെ കഴിക്കുന്നതിനു മുമ്പ് അയൽവാസിയുടെ പറമ്പിലേക്ക് അത് എടുത്തുവെക്കാനാണ് ഞാൻ വേഗം പോകുന്നത്' എന്നായിരുന്നു. മക്കളുടെ വിഷയത്തിൽ എത്രമാത്രമാണ് മുൻഗാമികൾ ശ്രദ്ധിച്ചത് എന്നു മനസ്സിലാക്കാൻ ഇതിനെക്കാൾ മറ്റൊരു ഉദാഹരണം ആവശ്യമില്ല.

വിശുദ്ധ ക്വുർആനിലെ ഒരു അധ്യായത്തിന്റെ പേര് 'ലുക്മാൻ' എന്നാണ്. ലുക്മാനുൽ ഹകീം തന്റെ മകന് നൽകുന്ന ധാരാളം ഉപദേശങ്ങൾ ആ അധ്യായത്തിൽ നമുക്ക് വായിക്കാൻ സാധിക്കും. ആരെ ആരാധിക്കണം, ആരാധനകളോടുള്ള സമീപനം എങ്ങനെയാകണം, മറ്റുള്ളവരോടുള്ള പെരുമാറ്റം എങ്ങനെയായിരിക്കണം എന്നിങ്ങനെ ഒരുപാട് ഉപദേശങ്ങൾ അദ്ദേഹം മകന് പകർന്നുകൊടുക്കുന്നത് കാണാം. ഇതായിരിക്കണം നമ്മുടെയും വഴി.

**എന്തിന് എതിർക്കുന്നു?**

എന്തിന് നിങ്ങൾ സൂംബയെ എതിർക്കുന്നു, അതൊരു ഡാൻസല്ലേ, പാട്ടല്ലേ, വ്യായാമമല്ലേ എന്നെല്ലാം ചോദിക്കുന്നവരുണ്ട്. കുട്ടികൾ കുറച്ചുസമയം ആടിപ്പാടിയാൽ എന്താണ് പ്രശ്നം എന്നാണ് ചിലർ ചിന്തിക്കുന്നത്. അല്ലാഹുവിനെയും റസൂലിനെയും അംഗീകരിച്ച് ജീവിക്കുന്ന മുസ്‌ലിമിന് എങ്ങനെയാണ് മതത്തിന്റെ ശാസനകളെ അവഗണിച്ച് ജീവിക്കാൻ സാധിക്കുക? വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്തുവന്ന വീഡിയോ ക്ലിപ്പുകൾ പരിശോധിച്ചാൽ തന്നെ അതിലുള്ള അനിസ്‌ലാമികത നമുക്ക് മനസ്സിലാക്കാൻ കഴിയും. അതാണ് കുട്ടികൾക്ക് പഠിക്കാനായി നൽകിയത്. യൂനിഫോം ധരിച്ചാണല്ലോ കുട്ടികളുടെ ഡാൻസ് എന്ന ന്യായീകരണം അപ്രസക്തമാണ്. ലഹരിക്കെതിരെ എന്ന പേരിൽ സംഗീതത്തിന്റെ അകമ്പടിയോടെ ദിവസേന ഡാൻസ് ചെയ്താൽ ഡാൻസും സംഗീതവും ഒരു ലഹരിയായി മാറും, അത് വളർന്ന് ഡിജെ പാർട്ടിയിലേക്കെത്തും, അവിടെയെത്തിയാൽ ലഹരിയില്ലാതെ എന്ത് കളി?

പ്രപഞ്ചത്തിലെ മറ്റു ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വ്യതിരിക്തമാക്കുന്ന വിശിഷ്ട ഗുണമാണ് ലജ്ജ എന്നത്. തിന്മകളിൽനിന്ന് മാറി നിൽക്കാൻ മനുഷ്യന് പ്രേരണ നൽകുന്നതിൽ ലജ്ജാശീലത്തിനുള്ള പങ്ക് വളരെ വലുതാണ്. അതുകൊണ്ടാണ് പ്രവാചകന്മാർ ലജ്ജയെക്കുറിച്ച് തങ്ങളുടെ സമൂഹത്തെ ബോധവത്ക്കരിച്ചത്..

അബൂമസ്ഊദിൽ(റ) നിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "പ്രവാചകൻമാരുടെ ആദ്യകാല അധ്യാപനങ്ങളിൽ ഒന്ന് ഇതാണ്: 'നിങ്ങൾക്ക് ലജ്ജയില്ലെങ്കിൽ നിങ്ങൾക്ക് തോന്നുംപോലെ പ്രവർത്തിച്ചുകൊള്ളുക"(ബുഖാരി).

നബി(സ്വ) പറഞ്ഞു: "എല്ലാ ദീനിനും ഒരു സ്വഭാവമുണ്ട്. ഇസ്‌ലാമിന്റെ സ്വഭാവം ലജ്ജയാണ്." മറ്റൊരു ഹദീസ് ഇപ്രകാരമാണ്: "നബി(സ്വ)യുടെ അടുക്കൽ ലജ്ജയെ കുറിച്ച് പറയപ്പെട്ടു. അപ്പോൾ സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ലജ്ജ ദീനിൽ പെട്ടതാണോ?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അതെ, ദീൻ മുഴുവൻ അതാണ് (ലജ്ജയാണ്)."

ലജ്ജ നശിച്ചാൽ നശിക്കുന്നത് നമ്മുടെ ഈമാനാണ് (വിശ്വാസമാണ്). ഇബ്നു ഉമറിൽ(റ) നിന്ന് നിവേദനം, നബി(സ്വ) പറ

ഞ്ഞു: "തീർച്ചയായും ലജ്ജയും ഈമാനും പരസ്പരം ബന്ധിക്കപ്പെട്ടതാണ്. രണ്ടിൽ (ഏതെങ്കിലും) ഒന്ന് ഉയർന്നാൽ മറ്റേതും ഉയരും" (അദബുൽ മുഫ്റദ്).

നമ്മുടെ റബ്ബിന് ഇഷ്ടമുള്ള സ്വഭാവ ഗുണമാണ് ലജ്ജ എന്ന് ഹദീസുകളിൽ കാണാം. ഇബ്നു അബ്ബാസിൽ(റ)നിന്ന് നിവേദനം: "അഷജ്ജിൽ അസ്വരിയ്യോട് നബി(സ്വ) പറഞ്ഞു: 'തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് സ്വഭാവം നിന്നിലുണ്ട്. സഹനവും ലജ്ജയുമാണത്'' (ഇബ്നുമാജ).

ഇസ്‌ലാമിന്റെ നിയമങ്ങളും നിർദേശങ്ങളും പാലിക്കുന്ന നമ്മുടെ മക്കൾ പരസ്യമായി ഡാൻസിലും സംഗീതത്തിലും പങ്കുചേരുന്നത് അവരുടെ ലജ്ജ നശിക്കാൻ കാരണമാണ് എന്നു പറയേണ്ടതില്ലല്ലോ. കാരണം അതെല്ലാം മതം തിന്മയാണ് എന്നു പഠിപ്പിച്ചതാണ്. തിന്മയാണ് എന്ന തിരിച്ചറിവാണ് അത്തരം കാര്യങ്ങളിൽനിന്നും അകന്നു നിൽക്കാൻ നമുക്ക് ശക്തി നൽകുക എന്നത് പ്രത്യേകം വിശ്വാസി മനസ്സിലാക്കണം.

**സൂംബയും സംഗീതവും**

അധുനിക പഠനങ്ങൾ പ്രകാരം മനുഷ്യരെ അവർ ചിന്തിക്കാത്ത രീതിയിൽ സ്വാധീനം ചെലുത്തുന്ന ഒന്നാണ് സംഗീതം. ഇസ്‌ലാം സംഗീതത്തെക്കുറിച്ച് പഠിപ്പിക്കുന്നത് നിഷിദ്ധം (ഹറാം) എന്നുതന്നെയാണ്. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ അതിൽ ഇജ്മാഅ് രേഖപ്പെടുത്തിയതും കാണാം. സംഗീതം നിഷിദ്ധം എന്നു പറയുമ്പോൾ കേവലം പാട്ടു പാടുന്നതിനെ പോലും എതിർക്കുന്ന മതമാണ് ഇസ്‌ലാം എന്നു തെറ്റിദ്ധരിക്കരുത്. നബി(സ്വ)യുടെ സ്വഹാബികളും കവിതകൾ ആസ്വദിച്ചത് ചരിത്രം വായിക്കുമ്പോൾ മനസ്സിലാകും. ഹസ്സാൻ ഇബ്നു സാബിത്(റ), ആമിർ ഇബ്നു അക്‌വഅ്(റ), അൻജഷ(റ) പോലുള്ളവരുടെ ഒറ്റക്കുള്ള ആലാപനങ്ങളുണ്ടായിരുന്നു.

അനസ്(റ) പറയുന്നു: "അല്ലാഹുവിന്റെ റസൂൽ(സ്വ) ഖന്ദകിലേക്ക് പുറപ്പെട്ടു. അപ്പോൾ തണുപ്പുള്ള പ്രഭാതത്തിൽ മുഹാജിറുകളും അൻസ്വാറുകളും കിടങ്ങ് കുഴിക്കുകയായിരുന്നു. ഈ പ്രവൃത്തി ചെയ്യാൻ അവർക്ക് അടിമകളില്ലായിരുന്നു. അവരുടെ ക്ഷീണവും വിശപ്പും കണ്ടപ്പോൾ നബി(സ്വ) ഇങ്ങനെ പാടി: 'അല്ലാഹുമ്മ ലാ അയ്ഷ ഇല്ലാ അയ്ഷുൽ ആഖിറ ഫഗ്ഫിരിൽ അൻസ്വാറ വൽ മുഹാജിറ...' (അല്ലാഹുവേ, പരലോക ജീവിതമാണ് യഥാർഥ ജീവിതം, അൻസ്വാറുകൾക്കും മുഹാജിറുകൾക്കും പൊറുത്തുകൊടുക്കേണമേ). അതിന് മറുപടിയായി അവരിങ്ങിനെ പാടി: 'നഹ്നുല്ലദീന ബായഊ മുഹമ്മദാ, അലൽ ജിഹാദി മാ ബക്വീനാ അബദാ...' (മുഹമ്മദ് നബിയോട് കരാർ ചെയ്തവരാണ് ഞങ്ങൾ; ജീവിച്ചിരിക്കുന്ന കാലമത്രയും ജിഹാദ് ചെയ്യാമെന്ന്)" (ബുഖാരി: 2834).

ഇസ്‌ലാം എതിർക്കുന്നത് സംഗീതോപകരണങ്ങൾ ഉപയോഗിച്ചുള്ള സംഗീതമാണ്. വിശുദ്ധ ക്വുർആനിലെ ആയത്തുകളെ അടിസ്ഥാനമാക്കി മുഫസ്സിറുകൾ വാദ്യോപകരങ്ങൾ ഉപയോഗിച്ചുള്ള സംഗീതം നിഷിദ്ധമാണ് എന്ന് വിവരിച്ചതായി കാണാം. നബി (സ്വ)യുടെ വചനങ്ങളിലൂടെയും അത് വ്യക്തമാണ്.

സൂറത്തു ലുക്മാനിൽ അല്ലാഹു ഇപ്രകാരം പറഞ്ഞു: "യാതൊരു അറിവുമില്ലാതെ ദൈവമാർഗത്തിൽ നിന്ന് ജനങ്ങളെ തെറ്റിച്ചുകളയുവാനും അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദ വാർത്തകൾ വിലയ്ക്കു വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്" (ക്വുർആൻ 31:6).

ഈ ആയത്തിൽ പരാമർശിക്കപ്പെട്ട 'ലഹ്‌വുൽ ഹദീസ്' എന്നതിന് മിക്ക ക്വുർആൻ വ്യാഖ്യാതാക്കളും നൽകുന്ന വിശദീകരണം 'സംഗീതം' എന്നാണ്. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'അത് (വിനോദ വാർത്തകൾ) സംഗീതമാണ് '(അദബുൽ മുഫ്റദ്). ഈ ആയത്ത് വിശദീകരിച്ച് ഇബ്നു മസ്ഊദ്(റ) പറഞ്ഞു: 'അവനല്ലാതെ ആരാധനക്ക് അർഹനില്ലാത്തവനായ അല്ലാഹു തന്നെ സത്യം, അത് സംഗീത ഉപകരണങ്ങളാകുന്നു.' ഇപ്രകാരം മൂന്ന് തവണ ആവർത്തിച്ചു" (തഫ്സീർ ഇബ്നു കസീർ).

ഇമാം മുജാഹിദ്(റഹി) പറഞ്ഞു: "വിനോദമെന്നാൽ ചെണ്ട വാദ്യമാണ്" (തഫ്സീർ ത്വബ്‌രി 21/40). ഇമാം ഹസനുൽ ബസ്വരി (റഹി) പറഞ്ഞു: "ഈ ആയത്ത് അവതരിച്ചത് വാദ്യോപകരണത്തിന്റെയും സംഗീതത്തിന്റെയും വിഷയത്തിലാണ്'' (തഫ്സീർ ഇബ്നു കസീർ 3/451). ശൈഖ് സഅ്ദി(റഹി) പറഞ്ഞു: "ഇതിൽ എല്ലാവിധ നിഷിദ്ധ സംസാരങ്ങളും (കളവ്, ഏഷണി, പരിഹാസം...) പിശാചിന്റെ സംഗീതവും ഉൾപ്പെടുന്നു'' (തഫ്സീർ സഅ്ദി 6/150).

ഇനി നബിവചനങ്ങൾ നോക്കിയാൽ അതിലും നിഷിദ്ധമാ

ണ് എന്നു ബോധ്യപ്പെടുത്തുന്ന വാചകങ്ങൾ വായിക്കാൻ സാധിക്കും.

നബി(സ്വ) പറഞ്ഞു: "വ്യഭിചാരവും സംഗീതോപകരണങ്ങളും പുരുഷന്മാർക്ക് പട്ടും മദ്യപാനവും ഹലാലാക്കുന്ന ഒരു വിഭാഗം എന്റെ സമൂഹത്തിൽ ഉണ്ടായിത്തീരുക തന്നെ ചെയ്യും'' (ബുഖാരി:5590).

ശൈഖ് അൽബാനി(റഹി) പറയുന്നു: "ഈ ഹദീസിൽ വാദ്യോപകരണങ്ങൾ ഹറാമാണെന്നതിന് രണ്ട് നിലയ്ക്കുള്ള തെളിവുകൾ കാണാനാകും. ഒന്നാമത്തേത്, 'അവർ അനുവദനീയമാക്കും' എന്ന പ്രവാചകന്റെ പ്രയോഗം. ഇസ്‌ലാമിക ശരീഅത്തിൽ അടിസ്ഥാനപരമായി വാദ്യോപകരങ്ങൾ നിഷിദ്ധമാണെന്ന് ഈ പ്രയോഗത്തിൽനിന്നും മനസ്സിലാക്കാം. രണ്ടാമത്തേത്, ഹറാമാണെന്ന് ഖണ്ഡിതമായി നിർണയിക്കപ്പെട്ട, വ്യഭിചാരം, മദ്യം, പട്ട് എന്നിവയൊടൊപ്പമാണ് നബി(സ്വ) സംഗീതത്തെയും എണ്ണിയിട്ടുള്ളത്. സംഗീതോപകരണങ്ങൾ ഹറാമായിരുന്നില്ലെങ്കിൽ ഈ പറയപ്പെട്ടവയൊടൊപ്പം നബി(സ്വ) അതിനെ ചേർത്തു പറയുമായിരുന്നില്ല'' (സിൽസിലത്തുസ്സ്വഹീഹ 1/140-141).

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റഹി) പറയുന്നു: "ഈ ഹദീസ് അറിയിക്കുന്നത് സംഗീതോപകരണങ്ങൾ നിഷിദ്ധമാകുന്നു എന്നാണ്. ഭാഷാപണ്ഡിതരുടെ അടുക്കൽ 'മആസിഫ്' എന്നാൽ വിനോദ വാദ്യങ്ങൾ എന്നാണ്. എല്ലാ വാദ്യവിനോദ ഉപകരണങ്ങൾക്കുമുള്ള പൊതുനാമമാണ് ഇത്. (മജ്മൂഉൽ ഫതാവാ:11/535).

മറ്റൊരു ഹദീസ് ഇപ്രകാരമാണ്: നബി(സ്വ) പറഞ്ഞു: "രണ്ടു ശബ്ദങ്ങൾ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടവയാണ്; 'സന്തോഷവേളകളിലെ സംഗീത ശബ്ദം, അപകടവേളകളിലെ നാശം വിളിച്ചു കൊണ്ടുള്ള അട്ടഹാസശബ്ദം" (സിൽസിലതുസ്സ്വഹീഹ: 423).

നബി(സ്വ) പറഞ്ഞു: "ഈ ഉമ്മത്തിൽ ഭൂമിയിലേക്കാഴ്ത്തുന്ന ശിക്ഷയും ചരൽ വർഷവും രൂപമാറ്റവും വന്നു ഭവിക്കും; അവർ കള്ള് കുടിക്കുകയും, പാട്ടുകാരികളെ സ്വീകരിക്കുകയും സംഗീതോപകരണങ്ങൾ ഉപയോഗിക്കുകയും ചെയ്തു തുടങ്ങുമ്പോൾ" (സിൽസിലതുസ്സ്വഹീഹ: 2203). ഈ അധ്യാപനത്തെ പൂർണമായും ഉൾക്കൊണ്ടവരായിരുന്നു നമ്മുടെ മുൻഗാമികൾ.

> വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്തുവന്ന വീഡിയോ ക്ലിപ്പുകൾ പരിശോധിച്ചാൽ തന്നെ അതിലുള്ള അനിസ്‌ലാമികത നമുക്ക് മനസ്സിലാക്കാൻ കഴിയും. അതാണ് കുട്ടികൾക്ക് പഠിക്കാനായി നൽകിയത്. യൂനിഫോം ധരിച്ചാണല്ലോ കുട്ടികളുടെ ഡാൻസ് എന്ന ന്യായീകരണം അപ്രസക്തമാണ്. ലഹരിക്കെതിരെ എന്ന പേരിൽ സംഗീതത്തിന്റെ അകമ്പടിയോടെ ദിവസേന ഡാൻസ് ചെയ്താൽ ഡാൻസും സംഗീതവും ഒരു ലഹരിയായി മാറും, അത് വളർന്ന് ഡിജെ പാർട്ടിയിലേക്കെത്തും, അവിടെയെത്തിയാൽ ലഹരിയില്ലാതെ എന്ത് കളി?

ഇബ്നു മസ്ഊദ്(റ) പറഞ്ഞു: "വെള്ളം കൃഷിയെ മുളപ്പിക്കുന്നത് പോലെ സംഗീതം ഹൃദയത്തിൽ കാപട്യത്തെ മുളപ്പിക്കും."

ഉമർ ബിൻ അബ്ദുൽ അസീസ്(റഹി) പറഞ്ഞു: "സംഗീതം പിശാചിൽനിന്നു തുടങ്ങുന്നു. കാരുണ്യവാനായ റബ്ബിന്റെ കോപത്തിൽ അത് കലാശിക്കുകയും ചെയ്യുന്നു" (ഗദാഉൽ അൽബാബ്).

ശൈഖ് അൽബാനി(റഹി) പറഞ്ഞു: "സകലവിധ സംഗീതോപകരണങ്ങളും ഹറാമാണെന്നതിൽ നാല് ഇമാമുമാരും ഏകോപിച്ചിട്ടുണ്ട്" (സിൽസിലതുസ്സ്വഹീഹ: 1/145).

ഒരു വിശ്വാസിക്ക് മുകളിൽ വായിച്ചതിനപ്പുറം എന്തു തെളിവാണ് വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള സംഗീതം നിഷിദ്ധമാണ് എന്നതിനു വേണ്ടത്?

നമ്മുടെ കുട്ടികളുടെ കാതുകളെയും മനസ്സിനെയും മലീമസമാക്കുന്ന ഇത്തരം സംഗീതമാണ് സൂംബാ ഡൻസിന്റെ സമയത്ത് കേൾപ്പിക്കുന്നത് എന്നത് എത്ര പേർ മനസ്സിലാക്കിയിട്ടുണ്ട്? നമ്മുടെ കുട്ടികളുടെ ലജ്ജ നശിപ്പിക്കുന്ന, അവരുടെ ഹൃദയത്തിൽ കപടത വളരാൻ കാരണമാകുന്ന ഇത്തരം കാര്യങ്ങളിൽ നിന്നും അവരെ അകറ്റി നിർത്തേണ്ടതല്ലേ?

### വസ്ത്രവും ഇസ്‌ലാമും

മുസ്‌ലിമിന്റെ ഐഡന്റിറ്റിയാണ് അവന്റെ വസ്ത്രം. അവൻ/അവൾ എങ്ങനെ വസ്ത്രം ധരി

ക്കണം എന്നത് സ്രഷ്ടാവ് കൽപിച്ചിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം മുഖവും മുൻകൈയും ഒഴികെ ബാക്കിയെല്ലാം മറയ്ക്കണം. അവയവങ്ങൾ മുഴച്ചുകാണുന്നതും പ്രകടമാകുന്നതുമായ വസ്ത്രധാരണം അനുവദനീയമല്ല.

സൂംബയുടെ ഔദ്യോഗിക വെബ്സൈറ്റുകളും മറ്റും വ്യക്തമാക്കുന്നത് സൂംബ എന്ന നൃത്തത്തിന്റെ വേഷം ഇസ്‌ലാമികമല്ല എന്നാണ്. സ്കൂളിൽ യൂണിഫോം ധരിച്ചാണ് കുട്ടികൾ ചെയ്യുന്നത് എന്ന് ഇപ്പോൾ പറയുന്നുണ്ട്. ശരിയാണ്; പക്ഷേ, ആ സംസ്കാരം നമ്മുടെ കുട്ടികളെ എവിടെ എത്തിക്കും എന്നത് ഓരോ രക്ഷിതാവും ചിന്തിക്കേണ്ടതാണ്.

**ലിബറലിസം എന്ന ആപത്ത്**

ഇത്തരം കാര്യങ്ങൾ പൊതുവിദ്യാലയങ്ങളിലൂടെ നടപ്പാക്കുന്നതിന്റെ ലക്ഷ്യം നാം തിരിച്ചറിയാതെ പോകരുത്. ഇതൊരു അജണ്ടയുടെ ഭാഗമാണ്. മതങ്ങൾ പഠിപ്പിക്കുന്ന മൂല്യങ്ങൾ തകർക്കൽ പ്രധാന ലക്ഷ്യമാണ്. വേഷവും സംസ്കാരവും നശിപ്പിക്കുക വഴി തങ്ങളുടെ ലിബറൽ ചിന്തകളിലേക്ക് സാവകാശം കുട്ടികളെ നയിക്കുകയാണ്.

നമ്മുടെ കുട്ടികൾ മതമൂല്യങ്ങൾ മുറുകെ പിടിച്ച് വളരട്ടെ. അത് അവരെ മനുഷ്യത്വമുള്ളവരാക്കി മാറ്റും. അതിനുള്ള സൗകര്യം നാം ഒരുക്കണം. നന്മയാഗ്രഹിക്കുന്ന എല്ലാവർക്കും ഈ തിന്മക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കുചേരാൻ സാധിക്കും. മക്കളുടെ നന്മക്ക് വേണ്ടിയുള്ള ഈ പോരാട്ടത്തിന് ശക്തി പകരുക. ■





നബീൽ പയ്യോളി
: +966 55 771 0981

# ആരോഗ്യമേഖലയിലെ സിസ്റ്റം തകരാറിലാണോ?

കോട്ടയം മെഡിക്കൽ കോളേജിലെ കെട്ടിടം തകർന്ന് ബിന്ദു എന്ന സ്ത്രീ മരിച്ച വാർത്ത ഏറെ വേദനയോടെയാണ് നാം കേട്ടത്. മകൾക്ക് കൂട്ടിരിക്കാൻ വന്ന 'അമ്മ' പ്രാഥമിക കൃത്യനിർവഹണത്തിന് വേണ്ടി പോയ കെട്ടിടമാണ് പൊടുന്നനെ തകർന്നുവീണത്. ഭാര്യ ആ കെട്ടിടത്തിലേക്ക് പോയിട്ടുണ്ടെന്ന് അവിടെയുള്ളവരോട് ബിന്ദുവിന്റെ ഭർത്താവ് പറഞ്ഞിട്ടും ആവശ്യമായ പരിശോധന നടത്താതെ വൈകിപ്പിച്ചത് വലിയ പ്രതിഷേധങ്ങൾക്ക് കാരണമാവുമായും ചെയ്തു. ആർക്കും ഒന്നും സംഭവിച്ചിട്ടില്ലെന്ന് വരുത്തിത്തീർക്കാൻ ആശുപത്രി സൂപ്രണ്ടിനും അതു കേട്ട് മാധ്യമങ്ങളോട് വാതോരാതെ സംസാരിച്ച മന്ത്രിമാർക്കും ദുരന്തമുഖത്തെ അപക്വമായ നിലപാടിന് പഴികേൾക്കേണ്ടിവന്നു.


ആരോഗ്യമന്ത്രിയുടെ വിശദീകരണപ്രകാരം 2013ൽ ബലക്ഷയം ഉണ്ടെന്ന് റിപ്പോർട്ട് ലഭിച്ച കെട്ടിടമാണ് ഇപ്പോൾ തകർന്നുവീണത്. അതിൽ രോഗികളടക്കം ഉണ്ടായിരുന്നു. ടോയിലറ്റ് ഭാഗം മാത്രം തകർന്നതിനാലാണ് വലിയ ദുരന്തം ഒഴിവായത്. പഴയ കെട്ടിടത്തിൽനിന്നും നിർമാണം അവസാന ഘട്ടത്തിലേക്ക് കടക്കുന്ന പുതിയ കെട്ടിടത്തിലേക്ക് മാറാൻ മാസങ്ങൾക്ക് മുമ്പ് മന്ത്രിതല യോഗം തീരുമാനിച്ചിട്ടും അത് നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ കാണിച്ച അനാസ്ഥയാണ് ഒരു ജീവൻ നഷ്ടമാകു

ന്നതിലേക്ക് എത്തിച്ചതെന്നാണ് സർക്കാർ ഭാഷ്യം. എന്തായാലും സർക്കാർ സിസ്റ്റം ഈ രംഗത്ത് പരാജയപ്പെട്ടു എന്നതിന്റെ നേർക്കാഴ്ചയാണ് നാം കണ്ടത്.

ഈ മെഡിക്കൽ കോളേജിലെ ആൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും വാർത്തകളിൽ നാം കണ്ടു. ഈ ഹോസ്റ്റലിനെക്കാൾ എത്രയോ മെച്ചമാണ് ബീഹാറിലെ ഹോസ്റ്റൽ മുറികൾ എന്ന, 'നമ്പർ വൺ' കേരളത്തിൽ വന്ന് പഠിക്കുന്ന ബീഹാർ സ്വദേശിയുടെ പരാതി സർക്കാർ മിഷനറികളുടെ കണ്ണ് തുറപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ വിവിധ ആരോഗ്യകേന്ദ്രങ്ങൾ അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു കൊണ്ടേയിരിക്കുന്നു. സാധാരണക്കാർ ജീവനുവേണ്ടി ആശ്രയിക്കുന്ന ആതുരാലയങ്ങളിൽ ജീവനെടുക്കുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ സിസ്റ്റം ഉണർന്ന് പ്രവർത്തിച്ച മതിയാവൂ.

ആരോഗ്യകരമായ നാടിന് ആരോഗ്യമുള്ള ജനത അനിവാര്യമാണ്. രോഗപ്രതിരോധ പരിപാടികളും നല്ല ചികിത്സയും രോഗീപരിചരണവും സാധാരണക്കാർക്ക് ലഭ്യമാക്കേണ്ടത് ഏതൊരു ഭരണകൂടത്തിന്റെയും ബാധ്യതയാണ്. ലോകം പുരോഗതിയിലേക്ക് നീങ്ങുമ്പോഴും ആരോഗ്യ രംഗത്തെ വെല്ലുവിളികൾ വർധിച്ചുവരികയാണ്. മാരകരോഗങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നത് വല്ലാത്തൊരു ഭീഷണിയാണ്. രോഗങ്ങൾ ഒരു കുടുംബത്തിന്റെ എല്ലാ പ്രതീക്ഷകളെയും തകർക്കും വിധം ബാധ്യതയായി മാറിക്കൊണ്ടിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. അവിടെയാ

> ടെക്നോളജിയുടെ യുഗത്തിലാണ് നാം ജീവിക്കുന്നത്. ഏത് കാര്യവും നിമിഷനേരം കൊണ്ട് ചെയ്തു തീർക്കാൻ പറ്റുംവിധം ലോകം വിരൽത്തുമ്പിലേക്ക് മാറിയ ഇന്ന് 'കാലതാമസം' എന്നതുതന്നെ ഗുരുതരമായ അപരാധമാണ്. സമയമാണ് ഏറ്റവും വിലയുള്ള കാര്യം. നിമിഷനേരം കൊണ്ട് ആയിരക്കണക്കിന് കിലോമീറ്റർ താണ്ടാനും നൂറുകണക്കിന് കാര്യങ്ങൾ ചെയ്തു തീർക്കാനും സാധിക്കുന്ന ഇന്ന് സിസ്റ്റം കാണിക്കുന്ന കാലതാമസം ഗുരുതരമായ കുറ്റകൃത്യമാണ്. അത് പരിഹരിക്കാനാണ് ഭരണാധികാരികൾ ശ്രമിക്കേണ്ടത്.



ണ് സത്യസന്ധനും ജനകീയനുമായ യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസ് ശസ്ത്രക്രിയ ഉപകരണങ്ങൾ ലഭ്യമല്ലാത്തതിനാൽ ശസ്ത്രക്രിയ മുടങ്ങിയതിലെ വേദന സാമൂഹ്യമാധ്യമങ്ങളിലൂടെ പങ്കുവെച്ചതും അത് കേരളം ഗൗരവത്തിൽ ചർച്ച ചെയ്തതും.

ഉദ്യോഗസ്ഥരുടെ മെല്ലെപ്പോക്കും കെടുകാര്യസ്ഥതയും ഓഫീസുകൾ കയറിയിറങ്ങി ചെരുപ്പ് തേഞ്ഞ വേദനയുമാണ് അദ്ദേഹത്തിന്റെ പ്രതിഷേധത്തിന്റെ ആകെത്തുക. കേരളത്തിലെ ജനസംഖ്യയുടെ ബഹുഭൂരിഭാഗവും ആശ്രയിക്കുന്ന, ഏറ്റവും ഉന്നത നിലവാരം പുലർത്തേണ്ട ഇടങ്ങളാണ് മെഡിക്കൽ കോളേജുകൾ. ഏതൊരു സാധാരണക്കാരന്റെയും പ്രതീക്ഷയുടെ അവസാനവാക്ക് മെഡിക്കൽ കോളേജുകൾ തന്നെയാണ്. കോവിഡ് മഹാമാരി ഉണ്ടാക്കിയ സാമൂഹിക പ്രത്യാഘാതങ്ങളിൽ ഒന്ന് സമൂഹത്തിലെ വലിയൊരു വിഭാഗം സാമ്പത്തികമായി തകർന്നു എന്നതാണ്. വരുമാനം കുറയുകയും ജീവിതച്ചെലവ് വർധിക്കുകയും ചെയ്തത് സമൂഹത്തിലെ പാവങ്ങൾക്കും മധ്യവർഗത്തിനും വലിയതോതിലുള്ള പ്രതിസന്ധിയാണ് വരുത്തിവെച്ചത്. അതുകൊണ്ട് തന്നെ ജീവിതാവശ്യങ്ങൾക്ക് വരുമാനം തികയാത്തവർക്ക് ചികിത്സ എന്നത് ബാധ്യതയാണ്. അത് ഉൾക്കൊള്ളുവാനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാനും സർക്കാരിന് ബാധ്യതയുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾവരെ എത്തിനിൽക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ ആയിരക്കണക്കിന് രോഗികളാണ് ദിനേന എത്തിക്കൊണ്ടിരിക്കുന്നത്. ആശുപത്രി വികസന സമിതിയും ഉദ്യോഗസ്ഥരും തന്റെ നിരന്തരമുള്ള ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ വേണ്ട കാര്യങ്ങൾ ചെയ്തില്ല, തന്റെ മുന്നിൽ വരുന്ന നിസ്സഹായരായ രോഗികൾക്ക് മുമ്പിൽ പ്രതിസന്ധികൾ പറഞ്ഞു കൈമലർത്തേണ്ടിവരുന്ന ദുര്യോഗം മാനസികമായി തളർത്തി എന്നൊക്കെയാണ് ഡോ. ഹാരിസ് മാധ്യമങ്ങളോട് പറഞ്ഞത്. ഉദ്യോഗസ്ഥരോടും ആരോഗ്യമന്ത്രിയുടെ പേഴ്സണൽ സെക്രട്ടറിയോടും അടക്കം നിരന്തരം പ്രശ്നപരിഹാരത്തിന് വേണ്ടി അപേക്ഷിച്ചിട്ടും ആവശ്യമായ നടപടികൾ ഉണ്ടാകാത്തതുകൊണ്ട് തന്നെയാണ് സമൂഹത്തോട് വിളിച്ചുപറയേണ്ടി വന്നത് എന്ന് രാ



ഷ്ട്രീയപരമായി ഭരണകക്ഷിയുടെ കൂടെ നിൽക്കുന്ന ഡോക്ടർ പറയുന്നത് കേവലം അരോപണങ്ങളല്ലെന്നു വ്യക്തമാണ്.

ഡോ.ഹാരിസിന് ‘സത്യസന്ധനായ ഡോക്ടർ’ എന്ന് സർട്ടിഫിക്കറ്റ് നൽകിയ ആരോഗ്യമന്ത്രി സിസ്റ്റത്തിന്റെ തകരാറാണ് ഇവിടെയും ന്യായമായി പറയുന്നത്. സിസ്റ്റം എന്താണെന്നും അതിലുള്ള തകരാറുകൾ എന്താണെന്നും അറിഞ്ഞ് അത് പരിഹരിക്കാൻ ബാധ്യസ്ഥരാണ് എന്ന നിലയ്ക്കാണ് ജനങ്ങൾ ജനപ്രതിനിധികളെ തെരഞ്ഞെടുത്തയക്കുന്നത്. ജനപ്രതിനിധികൾക്കാണ് ജനങ്ങളോട് നേരിട്ട് ബാധ്യതയുള്ളത്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക എന്നത് ജനപ്രതിനിധികൾ നേതൃത്വം നൽകുന്ന ഭരണകൂടത്തിന്റെ ബാധ്യതയാണ്. സർക്കാർ സംവിധാങ്ങൾ യഥാവിധി ചലിക്കാനും ചലിപ്പിക്കാനും സർക്കാരിന് നേതൃത്വം നൽകുന്ന മന്ത്രിമാർക്ക് തന്നെയാണ് ബാധ്യത.

ജനങ്ങൾ നൽകുന്ന നികുതിപ്പണമാണ് സർക്കാരിന്റെ പ്രധാന വരുമാനം. ജനങ്ങൾക്ക് തിരിച്ചു ലഭിക്കേണ്ട സേവനങ്ങൾ ‘സൗജന്യ’മോ ‘ഔദാര്യ’മോ അല്ല; അവകാശമാണ് എന്ന ബോധ്യം നഷ്ടപ്പെടുന്നിടത്താണ് സിസ്റ്റം തകരാറിലാകുന്നതും ജീവൻ നഷ്ടപ്പെടുന്നതും. സർക്കാർ നിർമിക്കേണ്ട കെട്ടിടങ്ങൾക്കും ആശുപത്രി ഉപകരണങ്ങൾക്കും പൊതുജനങ്ങളിൽനിന്നും രോഗികളിൽനിന്നും പണം പിരിക്കുന്നതും ഈ അവബോധമില്ലായ്മയുടെ അനന്തരഫലമാണ്. മന്ത്രിമാരും മറ്റും സർക്കാർ ചെലവിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടുന്നതും വിമർശനവിധേയമായിട്ടുണ്ട്. ഇത്തരം സർക്കാർ സേവനങ്ങൾ ലഭ്യമാകാൻ അർഹരായിട്ടുള്ള സാധാരണ ജനങ്ങൾക്ക് അവ കൃത്യമായും ഫലപ്രദമായും ലഭ്യമാക്കുക എന്ന പ്രാഥമിക ഉത്തരവാദിത്ത നിർവഹണത്തിൽ വീഴ്ചവരുത്തി തങ്ങളുടെ ആരോഗ്യ പരിപാലനം സർക്കാർ ചെലവിൽ സ്വകാര്യ ഇടങ്ങളിലാക്കുന്നത് അഭികാമ്യമല്ല. ലോകത്തിന് മാതൃകയാണ്, കേരളം രാജ്യത്ത് നമ്പർവൺ എന്നൊക്കെ പറയുമ്പോൾ അത് എത്രമേൽ പ്രായോഗികമായി സാധാരണക്കാരന് ലഭ്യമാകുന്നുണ്ട് എന്നുകൂടി പരിശോധിക്കാനുള്ള സിസ്റ്റം കൂടി പ്രവർത്തിക്കേണ്ടതുണ്ട്.

മെഡിക്കൽ കോളേജുകളിലെ വാർഡുകൾ, മെത്തകൾ, ടോയിലറ്റ് സംവിധാനങ്ങൾ തുടങ്ങിയവ രോഗാതുരമായ ഇടങ്ങളല്ലെന്ന് ഉറപ്പാക്കണം. രോഗം പടർത്താത്ത വൃത്തിഹീനമായ അന്തരീക്ഷമാണ് ആതുരാലയങ്ങളിൽ വേണ്ടത്. അതിന് വിപരീതമായ വാർത്തകളാണ് പലപ്പോഴും പുറത്തുവന്നു കൊണ്ടിരിക്കുന്നത്. അത് തിരുത്താൻ ആവശ്യമായ ഇടപെടലുകൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാവണം.

ഡോക്ടർമാർ മുതൽ ഡിപ്പാർട്ട്മെന്റ് മേധാവിയും പ്രിൻസിപ്പലും ആശുപത്രി വികസന സമിതിയും കളക്ടറും മന്ത്രിയും അടങ്ങുന്ന സിസ്റ്റം തകാറിലാവാൻ പാടില്ല. പലപ്പോഴും വാഗ്ദാനങ്ങൾ നൽകി അതൊന്നും പാലിക്കപ്പെട്ടിട്ടില്ല എന്ന് ഡോക്ടർ ഹാരിസ് തുറന്ന് പറയുമ്പോൾ മുകളിൽ സൂചിപ്പിച്ച എല്ലാവരും അതിന് ഉത്തരവാദികളാണ്. ടെക്നോളജിയുടെ യുഗത്തിലാണ് നാം ജീവിക്കുന്നത്. ഏത് കാര്യവും നിമിഷനേരം കൊണ്ട് ചെയ്തു തീർക്കാൻ പറ്റുംവിധം ലോകം വിരൽത്തുമ്പിലേക്ക് മാറിയ ഇന്ന് ‘കാലതാമസം’ എന്നതുതന്നെ ഗുരുതരമായ അപരാധമാണ്. സമയമാണ് ഏറ്റവും വിലയുള്ള കാര്യം. നിമിഷനേരം കൊണ്ട് ആയിരക്കണക്കിന് കിലോമീറ്റർ താണ്ടാനും നൂറുകണക്കിന് കാര്യങ്ങൾ ചെയ്തു തീർക്കാനും സാധിക്കുന്ന ഇന്ന് സിസ്റ്റം കാണിക്കുന്ന കാലതാമസം ഗുരുതരമായ കുറ്റകൃത്യമാണ്. അത് പരിഹരിക്കാനാണ് ഭരണാധികാരികൾ ശ്രമിക്കേണ്ടത്. സാധാരണക്കാരന് ഭക്ഷണം, പാർപ്പിടം, തൊഴിൽ, ആരോഗ്യം തുടങ്ങി ഏറ്റവും അടിസ്ഥാനപരമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും സേവനങ്ങൾ യഥാസമയം ലഭ്യമാക്കാനും സാധിക്കുമ്പോഴാണ് ജനാധിപത്യ സംവിധാനത്തിലെ സർക്കാർ അന്വർഥമാവുന്നത്. ■



മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

# വിധിവിശ്വാസം

'ജിബ്‌രീലിന്റെ ഹദീസ്' എന്നറിയപ്പെടുന്ന വിഖ്യാതമായ ഒരു ഹദീസുണ്ട്. അതിൽ ജിബ്‌രീൽ എന്ന മലക്ക് ഒരു അപരിചിതന്റെ രൂപത്തിൽ നബി(സ്വ)യുടെ അനുചരന്മാരെ സുപ്രധാനമായ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിന് വേണ്ടി സന്ദർശിക്കുന്നത് വിവരിക്കുകയാണ്. ഈ ഹദീസിൽ 'ഈമാൻ എന്നാൽ എന്താണ്' എന്ന ജിബ്‌രീലിന്റെ ചോദ്യത്തിന് നബി(സ്വ) ഇങ്ങനെ മറുപടി പറയുന്നു:

"ഈമാൻ എന്നാൽ അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യനാളിലും വിധിയിലും-അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കലാണ്"(ബുഖാരി, മുസ്‌ലിം).

ഈ ഹദീസ് ഈമാനി(വിശ്വാസത്തി)ന്റെ ആറ് സ്തംഭങ്ങൾ പരാമർശിക്കുന്നു:

1. അല്ലാഹുവിലുള്ള വിശ്വാസം.
2. മലക്കുകളിലുള്ള വിശ്വാസം.
3. വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം.
4. ദൂതന്മാരിലുള്ള വിശ്വാസം.
5. അന്ത്യനാളിലുള്ള വിശ്വാസം.
6. ക്വദ്റിലുള്ള വിശ്വാസം (വിധിവിശ്വാസം).

ആറാമത്തെ സ്തംഭമായ വിധിവിശ്വാസത്തെ കുറിച്ചാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

ഈ സ്തംഭങ്ങളിലെല്ലാം നാം വിശ്വസിക്കണം. രണ്ട് മുതൽ ആറ് വരെയുള്ള

ഏതെങ്കിലും സ്തംഭങ്ങളെ നിഷേധിക്കുന്നത് അല്ലാഹുവിലുള്ള വിശ്വാസത്തെ തന്നെ നിഷേധിക്കുന്നതിന് തുല്യമാണ്. കാരണം ഈ ഓരോ സ്തംഭവും അല്ലാഹുവിന്റെ ഔന്നത്യത്തിന്റെയും പരമാധികാരത്തിന്റെയും വശങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. അതിനെ നിഷേധിക്കുകയെന്നാൽ ഉന്നതമായ അവന്റെ ചില വിശേഷണങ്ങളെ നിഷേധിക്കുന്നതിന് തുല്യമാണ്. ഉദാഹരണമായി, അന്ത്യനാളിലുള്ള വിശ്വാസത്തെ നിഷേധിക്കുക എന്നത് നമ്മെ സൃഷ്ടിച്ചതിലുള്ള അല്ലാഹുവിന്റെ സമ്പൂർണമായ ജ്ഞാനത്തെയും നമ്മോടുള്ള അവന്റെ സമഗ്രമായ നീതിയെയും നിഷേധിക്കുന്നതിന് തുല്യമാണ്.

അതുപോലെ, അല്ലാഹുവിന്റെ ചില സുപ്രധാന ഗുണങ്ങളെ പ്രതിനിധീകരിക്കുന്നതാണ് ക്വദ്ർ. നമുക്കത് വഴിയെ മനസ്സിലാക്കാം. അല്ലാഹുവിലുള്ള വിശ്വാസവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ് ക്വദ്റിലുള്ള വിശ്വാസം.

**ക്വദ്റിൽ വിശ്വസിക്കുന്നതിന്റെ പ്രാധാന്യം**

ക്വദ്റിലുള്ള വിശ്വാസം ഈമാനിന് അനുപേക്ഷണീയമാണ്. ഒരു മനുഷ്യൻ വിധിയിൽ വിശ്വസിക്കുന്നതുവരെ അവനെ വിശ്വാസിയായി പരിഗണിക്കുകയില്ല. അലി(റ) നിവേദനം, നബി(സ്വ) പറഞ്ഞു:

“നാലു കാര്യങ്ങളിൽ വിശ്വസിക്കുന്നതുവരെ ഒരു അടിമ സത്യവിശ്വാസിയാവുകയില്ല:

1. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്ന് സാക്ഷ്യം വഹിക്കുക.
2. ഞാൻ സത്യസന്ദേശവുമായി അയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുക.
3. മരണത്തിലും മരണശേഷമുള്ള ഉയിർത്തെഴുന്നേൽപിലും വിശ്വസിക്കുക.
4. ക്വദ്റിൽ സമ്പൂർണമായി വിശ്വസിക്കുക.” (തിർമിദി, ഇബ്നുമാജ).

ജാബിറുബ്നു അബ്ദില്ല(റ) നിവേദനം, നബി(സ്വ) പറഞ്ഞു: “വിധിയിൽ-അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കുന്നതുവരെ ഒരടിമ വിശ്വാസിയാവുകയില്ല. അതായത്, അവന്ന് ബാധിച്ചതൊന്നും അവനിൽനിന്നും ഒഴിഞ്ഞുപോകേണ്ടതല്ലെന്നും അവനിൽനിന്നും ഒഴിഞ്ഞുപോയതൊന്നും അവന്ന് ബാധിക്കേണ്ടതല്ലെന്നും അവൻ അറിയുന്നതുവരെ”(തിർമിദി).

സൈദ് ഇബ്നു സാബിതും(റ) ഉബയ്യ് ഇബ്നു കഅ്ബും(റ) മറ്റും നിവേദനം, നബി(സ്വ) പറഞ്ഞു: “അല്ലാഹു അവന്റെ ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെ ശിക്ഷിക്കുകയാണെങ്കിൽ, അതൊരിക്കലും അനീതിയാവുകയില്ല. ഇനി അവൻ അവരോട് കരുണ ചെയ്യുകയാണെങ്കിൽ, അവന്റെ കാരുണ്യം അവരുടെ കർമങ്ങളെക്കാൾ ഉത്തമമായിരിക്കും. നീ ഉഹ്ദ് മലയോളം സ്വർണം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചാലും അവൻ നിന്നിൽനിന്നും അത് സ്വീകരിക്കുകയില്ല-നീ ക്വദ്റിൽ വിശ്വസിക്കുകയും നിനക്ക് ബാധിക്കുന്നത് നിന്നിൽനിന്നും ഒഴിഞ്ഞുപോകേണ്ടതല്ലെന്നും നിന്നിൽ നിന്നും ഒഴിഞ്ഞുപോയത് നിനക്ക് ബാധിക്കേണ്ടതല്ലെന്നും അറിയുകയും ചെയ്യുന്നതുവരെ”(അഹ്മദ്, അബൂദാവൂദ്).

**ക്വദ്റിനെ നിഷേധിക്കുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട്**

ക്വദ്റിനെ നിഷേധിക്കുന്നത് ഇരുജീവിതത്തിലും ശിക്ഷക്ക് കാരണമാകുന്ന ഗുരുതരമായ അവിശ്വാസമാണ്. ക്വദ്ർനിഷേധികൾക്ക് അനുഭവിക്കാനുള്ള ഐഹിക ശിക്ഷയെ സംബന്ധിച്ച് ഒരു ഹദീസുണ്ട്. അബ്ദുല്ലാഹ് ഇബ്നു ഉമർ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: “എന്റെ സമുദായത്തിൽ ഭൂകമ്പങ്ങളും (മൃഗങ്ങളിലേക്കുള്ള) രൂപപരിണാമങ്ങളുമുണ്ടാകും. ക്വദ്റിനെ നിഷേധിക്കുന്നവരിലാണ് അതുണ്ടാവുക”(തിർമിദി, അബൂദാവൂദ്).

അതിനു പുറമെ, പരലോക ജീവിതത്തിലും ക്വദ്ർ നിഷേധികളെ വമ്പിച്ച ശിക്ഷ കാത്തുനിൽക്കുന്നുണ്ട്. അബൂഹുറയ്റ(റ) നിവേദനം: “ക്വുറൈശികളായ മുശ്രിക്കുകൾ ക്വദ്റിന്റെ വിഷയത്തിൽ നബി(സ്വ)യുമായി തർക്കിച്ചപ്പോൾ അല്ലാഹു ഇപ്രകാരം ആയത്ത് അവതരിപ്പിച്ചു: ‘മുഖം നിലത്തു കുത്തിയ നില

യിൽ അവർ നരകാഗ്നിയിലൂടെ വലിച്ചിഴക്കപ്പെടുന്ന ദിവസം. (അവരോട് പറയപ്പെടും:) നിങ്ങൾ നരകത്തിന്റെ സ്പർശനം അനുഭവിച്ച് കൊള്ളുക. തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു" (അൽഖ്വമർ: 48-49) (മുസ്‌ലിം, തിർമിദി).

**ക്വളാ ക്വദ്‌റിന്റെ വിവക്ഷ**

അല്ലാഹുവിന്റെ വിധിയെ രണ്ടു പദങ്ങൾ കൊണ്ടാണ് സാധാരണ വിശദീകരിക്കാറുള്ളത്; ക്വളാ, ക്വദ്ർ. പ്രസ്തുത സംജ്ഞകളുടെ ഭാഷാർഥങ്ങളും അവ തമ്മിലുള്ള ബന്ധവുമാണ് താഴെ വിവരിക്കുന്നത്.

**'ക്വളാ' എന്ന പദം**

'ക്വളാ'(قَضَـاء) എന്ന പദവും അതിന്റെ വ്യത്യസ്ത രൂപങ്ങളും അറുപതിലധികം തവണ ക്വുർആനിൽ പരാമർശിച്ചിട്ടുണ്ട്. അതിന് വ്യത്യസ്ത അർഥങ്ങളുമാണുള്ളത്. അതിൽ പലതും താഴെ വരുന്ന രൂപത്തിലാണ്.

1. വിധിക്കുക എന്ന അർഥത്തിൽ. അല്ലാഹു പറയുന്നു: "തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു" (അൽഇസ്‌റാഅ്: 23).

അല്ലാഹു പറയുന്നു: "അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ വിധിച്ചു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തിൽ സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല" (അൽഅഹ്‌സാബ്: 36).

2. പരിസമാപ്തി, പൂർണത, അവസാനിപ്പിക്കൽ (കഥകഴിക്കുക) എന്നീ അർഥങ്ങളിൽ). അല്ലാഹു പറയുന്നു: "മേഘമേലാപ്പിൽ അല്ലാഹുവും മലക്കുകളും അവരുടെയടുത്ത് വരുകയും കാര്യം അവസാനിപ്പിക്കപ്പെ ടുകയും ചെയ്യുന്നത് മാത്രമാണോ അവർ കാത്തിരിക്കുന്നത്? എന്നാൽ കാര്യങ്ങളെല്ലാം അല്ലാഹുവിങ്കലേ ക്കാകുന്നു മടക്കപ്പെടുന്നത്.' (അൽബക്വറ: 210). അല്ലാഹു പറയുന്നു: "അപ്പോൾ മൂസാ അവനെ മുഷ്ടി ചുരുട്ടി ഇടിച്ചു. അതവന്റെ കഥകഴിച്ചു" (അൽ ക്വസ്വസ് 15).
3. 'സൃഷ്ടിക്കുക' അല്ലെങ്കിൽ 'ഉണ്ടാക്കുക' എന്ന അർഥത്തിൽ. അല്ലാഹു പറയുന്നു: "അങ്ങനെ രണ്ടു ദിവസങ്ങളിലായി അവയെ അവൻ ഏഴ് ആകാശങ്ങൾ ആക്കിത്തീർത്തു" (ഫുസ്സിലത്ത്: 12).
4. അല്ലാഹുവിന്റെ പൂർവജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനം അല്ലെങ്കിൽ ഉത്തരവ്. അല്ലാഹു പറയുന്നു: "ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ 'ഉണ്ടാകൂ' എന്ന് പറയുക മാത്രമെ വേണ്ടതുള്ളൂ; ഉടനെ അതുണ്ടാകുന്നു" (അൽബക്വറ: 117). അല്ലാഹു പറയുന്നു: "അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാണ്" (മർയം: 21). മുകളിൽ പറഞ്ഞ അർഥങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നുവെങ്കിലും അവസാനം പറഞ്ഞ വിഷയമാണ് ഏറ്റവും പ്രസക്തമായത്.

**'ക്വദർ' എന്ന പദം**

'ക്വദർ'(قَدَر) എന്ന പദവും അതിന്റെ വ്യത്യസ്ത രൂപങ്ങളും ക്വുർആനിൽ വ്യത്യസ്ത അർഥങ്ങളിൽ വന്നിട്ടുണ്ട്. അതിൽ പലതും താഴെ വരുന്ന രൂപത്തിലാണ്:

1. 'അളവ്' അല്ലെങ്കിൽ 'തോത്.' അല്ലാഹു പറയുന്നു: "യാതൊരു വസ്തുവും നമ്മുടെ പക്കൽ അതിന്റെ ഖജനാവുകൾ ഉള്ളതായിട്ടല്ലാതെയില്ല. (എന്നാൽ), ഒരു നിർണിതമായ തോതനുസരിച്ചല്ലാതെ (ഖദർ) നാമത് ഇറക്കുന്നതല്ല" (അൽഹിജ്ർ: 21)
2. ആദരിക്കൽ അല്ലെങ്കിൽ കണക്കാക്കൽ. അല്ലാഹു പറയുന്നു: "അവർ അല്ലാഹുവിനെ കണക്കാക്കേണ്ട പ്രകാരം കണക്കാക്കിയിട്ടില്ല (ക്വദർ)" (അസ്സുമർ: 6).
3. അല്ലാഹുവിന്റെ കഴിവും ശക്തിയും. അതാണ് അൽക്വദീർ (കഴിവുള്ളവൻ) എന്ന അവന്റെ നാമം ബോധ്യപ്പെടുത്തുന്നത്. അല്ലാഹു പറയുന്നു: "നിസ്സംശയം, അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു." (അൽബക്വറ: 20)

ഇമാം അഹ്മദ് പറഞ്ഞു: "ഖദർ എന്നത് അല്ലാഹുവിന്റെ 'ഖുദ്‌റത്ത്' (കഴിവ്) ആണ്."

4. അല്ലാഹുവിന്റെ പൂർവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ സൃഷ്ടികൾക്കുവേണ്ടി എല്ലാ കാര്യത്തിലുമുള്ള അവന്റെ വ്യവസ്ഥ. അല്ലാഹു പറയുന്നു: "തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ (ക്വദർ) പ്രകാരമാകുന്നു" (അൽ ക്വമർ:49). അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ കൽപന ഖണ്ഡിതമായ ഒരു വിധിയാകുന്നു" (അൽഅഹ്‌സാബ്: 38).

ഇവിടെയും മുകളിൽ പറഞ്ഞ അർഥങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാണ്. എന്നാൽ അവസാനം പറഞ്ഞതാണ് നമ്മുടെ ചർച്ചയിൽ ഏറ്റവും പ്രസക്തമായത്.

**'ഖദ്ർ' എന്ന പദം**

'ഖദ്ർ' (قَدْر) എന്ന പദത്തിന് സാധാരണയായി 'ഖദർ' (قَدَر) എന്നതിന്റെ അതേ അർഥമാണ് വരിക. അതായത് തോത്, വിധി, തീരുമാനം എന്നൊക്കെയുള്ള അർഥങ്ങൾ. ഉദാ: അല്ലാഹു പറയുന്നു:

"തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) ഖദ്റിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. ഖദ്റിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? ഖദ്റിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു" (അൽഖദ്ർ: 1-3).

ഖദ്റിന്റെ രാത്രി അഥവാ 'ലൈലത്തുൽ ഖദ്ർ' എന്നത് അല്ലാഹു തന്റെ ആണ്ടുതോറുമുള്ള ഉത്തരവുകൾ ഇറക്കുകയും സൃഷ്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയെല്ലാം തോത് നിർണയിക്കുകയും ചെയ്യുന്ന ഒരു രാത്രിയാണ്.

**സംക്ഷേപം**

മുകളിലുദ്ധരിച്ച ഉദാഹരണങ്ങളിൽനിന്നും 'ഖളാ' എന്നതും 'ഖദർ' എന്നതും ആശയപരമായി പരസ്പരം ബന്ധിതമാണെന്നും ഒന്ന് മറ്റൊന്നിലേക്ക് വഴിവെക്കുന്നതാണെന്നും കാണാം.

ഖദർ എന്നത് ഖളാഇന്റെ അർഥത്തിലും വരും. കാരണം, അല്ലാഹുവിന്റെ ഖദ്ർ (വിധി) പിന്നീട് അവന്റെ 'ഖളാ' (തീരുമാനം) ആയി മാറുന്നതാണ്.

അതുപോലെ 'ഖളാ' എന്നത് ഖദറിന്റെ ആശയത്തിലും വരും. കാരണം അല്ലാഹുവിന്റെ 'ഖളാ' (തീരുമാനം) അവന്റെ ഖദറിനെ (വിധി) മുൻകടന്നിട്ടുണ്ടാകണം.

ഇതു രണ്ടും അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള അറിവിന്റെ അടിസ്ഥാനത്തിലുള്ള അവന്റെ തീരുമാനവും വിധിയുമാണ്. അവ സൃഷ്ടികളുടെ മേലുള്ള അവന്റെ ആധിപത്യത്തിന്റെയും ഉടമസ്ഥതയുടെയും പ്രകടനമാണ്. താൻ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത രക്ഷിതാവാണ് അല്ലാഹു എന്നതിനെ അത് പ്രതിഫലിപ്പിക്കുന്നു.

പദങ്ങളെയും അവയുടെ ആശയങ്ങളെയും സൂചിപ്പിക്കുന്നതിന് വേണ്ടി ഈ ലേഖനത്തിൽ നാം കൂടുതലും ഉപയോഗിക്കുന്നത് ഖദർ (അല്ലാഹുവിന്റെ വിധി) എന്ന പദമായിരിക്കും. ■

ചലനങ്ങൾ

# ടി.കെ. അഷ്റഫിനെതിരായ നടപടി വിവേചനപരം: മുസ്‌ലിം സംഘടന നേതാക്കൾ

## ■ സസ്പെൻഷൻ പിൻവലിക്കണമെന്നും നേതാക്കൾ

കോഴിക്കോട്: സുംബ പദ്ധതിക്കെതിരെ വിമർശനം ഉന്നയിച്ചതിന്റെ പേരിൽ അധ്യാപകനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറിയുമായ ടി.കെ. അഷ്റഫിനെ സസ്പെൻഡ് ചെയ്ത നടപടി നീതീകരിക്കാനാവാത്തതാണെന്ന് മുസ്‌ലിം സംഘടന നേതാക്കൾ പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു. നിരവധി സന്ദർഭങ്ങളിൽ പരമത വിദ്വേഷം പ്രചരിപ്പിച്ചവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാത്ത സർക്കാർ വിയോജിപ്പ് പ്രകടിപ്പിച്ചതിന്റെ പേരിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയെടുത്തത് വിവേചനപരമാണ്. ഈ വിഷയത്തിൽ ചർച്ചയാവാമെന്നും അടിച്ചേൽപിക്കില്ലെന്നും ആവർത്തിച്ചുപറയുന്ന വിദ്യാഭ്യാസ മന്ത്രി, വിമർശിച്ചവരെ അപഹസിക്കുകയും അവർക്കെതിരെ നടപടിയെടുക്കുകയും ചെയ്യുന്നത് ജനാധിപത്യ വിരുദ്ധമാണ്.

ടി.കെ അഷ്റഫിന്റെ സസ്പെൻഷൻ പിൻവലിക്കണമെന്നും സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ, ഡോ. ബാഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, നാസർ ഫൈസി കൂടത്തായി, ഡോ.ഹുസൈൻ മടവൂർ, തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, പി.എൻ അബ്ദുല്ലത്വീഫ് മദനി, ടി.കെ ഫാറൂഖ്, ശിഹാബ് പൂക്കോട്ടൂർ, ഹാഫിള് പി.പി ഇസ്ഹാഖ് അൽ ഖാസിമി, ഹാഫിള് അബ്ദുശ്ശുക്കൂർ ഖാസിമി, അഡ്വ.മുഹമ്മദ് ഹനീഫ, ഇ.പി അഷ്റഫ് ബാഖവി, ഡോ. ഫസൽ ഗഫൂർ, എഞ്ചിനീയർ മമ്മദ്കോയ, മുസമ്മിൽ കൗസരി, ഡോ.മുഹമ്മദ് യൂസുഫ് നദ്‌വി തുടങ്ങിയവർ ആവശ്യപ്പെട്ടു. ■

# സുംബ ഡാൻസ്; അഭിപ്രായം പറഞ്ഞ അധ്യാപകനെതിരായ നടപടി പിൻവലിക്കണം: വി.ഡി സതീശൻ

തൃശൂർ: സുംബ ഡാൻസിനെപറ്റി അഭിപ്രായ പ്രകടനം നടത്തിയതിന്റെ പേരിൽ അധ്യാപകനെ സസ്പെൻഡ് ചെയ്തത് ശരിയല്ലെന്നും അത് കേരളത്തിന് യോജിച്ചതല്ലെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ആവശ്യപ്പെട്ടു.

ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജിൽ സനീഷ് ജോസഫ് എം.എൽ.എയുടെ മെറിറ്റ് അവാർഡ് ഉദ്ഘാടനം ചെയ്യാനെത്തിയ വി.ഡി സതീശൻ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു. സുംബ ഡാൻസിനെകുറിച്ച് സാമൂഹ്യ മാധ്യമത്തിൽ കുറിപ്പിട്ട എടത്തനാട്ടുകര ടി.എ.എം യുപി സ്കൂൾ അധ്യാപകനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയുമായ ടി.കെ അഷ്റഫിനെ വിദ്യാഭ്യാസ വകുപ്പിന്റെ സമ്മർദ്ദം മൂലം സ്കൂൾ മാനേജ്മെന്റ് സർവീസിൽനിന്നും സസ്പെന്റ് ചെയ്തിരുന്നു.

ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് കാഫിർ സ്ക്രീൻ ഷോട്ടിട്ട അധ്യാപകനെതിരെ ഒരു നടപടിയും സ്വീകരിച്ചില്ലല്ലോ. സി.പി.എം ആയതുകൊണ്ടാണ് അന്ന് നടപടി എടുക്കാതിരുന്നത്. സുംബ ഡാൻസിനെ പറ്റി ഒരു അധ്യാപകന് അഭിപ്രായം പറയാൻ പാടില്ലേ? ഉന്നത വിദ്യാഭ്യാസ വകുപ്പ് മാനേജ്മെന്റിൽ സമ്മർദ്ദം ചെലുത്തിയാണ് അധ്യാപകനെതിരെ നടപടി എടുപ്പിച്ചതെന്നും വി.ഡി സതീശൻ കുറ്റപ്പെടുത്തി.



# ഉത്തരേന്ത്യൻ മോഡൽ കേരളത്തിലും നടപ്പിലാക്കാൻ ശ്രമം: ഇ.ടി മുഹമ്മദ് ബഷീർ

മലപ്പുറം: അഭിപ്രായം പറഞ്ഞവരെ ക്രൂശിക്കുകയും വേട്ടയാടുകയും ചെയ്യുന്ന ഉത്തരേന്ത്യൻ മോഡൽ കേരളത്തിലും നടപ്പിലാക്കാൻ പിണറായി സർക്കാർ ശ്രമിക്കുന്നതായി മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എംപി. മലപ്പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം മെഡിക്കൽ കോളജിലെ ഡോക്ടർ ഹാരിസിനുണ്ടായ അനുഭവവും സുംബ ഡാൻസ് വിഷയത്തിൽ ടി.കെ അഷ്റഫിനെ സർവീസിൽ നിന്നും പുറത്താക്കിയ സംഭവവും ഇതിനുദാഹരണമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉത്തരേന്ത്യയിൽ അധികാരികൾക്കെതിരെ സംസാരിച്ചതിന് വേട്ടയാടപ്പെട്ടത് സഞ്ജയ് ഭട്ടും ഡോ. കഫീൽ ഖാനുമായിരുന്നെങ്കിൽ വർത്തമാന കേരളത്തിൽ ഡോക്ടർ ഹാരിസും ടി.കെ അഷ്റഫുമാണ്. ലഹരി ഇല്ലായ്മ ചെയ്യാനാണ് സുംബയെന്നാണ് സർക്കാർ വാദം. കേരളത്തെ മദ്യത്തിൽ കുളിപ്പിച്ച സർക്കാരാണ് ലഹരിക്കെതിരെ സൂംബ കളിപ്പിക്കുന്നത്; ഇ.ടി കുറ്റപ്പെടുത്തി.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതു റൂം

(മക്കയിൽ അവതരിച്ചത്)

അധ്യായം 30

وَإِذَا مَسَّ النَّاسَ ضُرٌّ دَعَوْا رَبَّهُم مُّنِيبِينَ إِلَيْهِ ثُمَّ إِذَا أَذَاقَهُم مِّنْهُ رَحْمَةً إِذَا فَرِيقٌ مِّنْهُم بِرَبِّهِمْ يُشْرِكُونَ ﴿٣٣﴾

33. ജനങ്ങൾക്ക് വല്ല ദുരിതവും ബാധിച്ചാൽ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിഞ്ഞും കൊണ്ട് അവനോട് അവർ പ്രാർഥിക്കുന്നതാണ്. പിന്നെ തന്റെ പക്കൽനിന്നുള്ള കാരുണ്യം അവർക്കവൻ അനുഭവിപ്പിച്ചാൽ അവരിൽ ഒരു വിഭാഗമതാ തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കുന്നു.

لِيَكْفُرُوا بِمَا آتَيْنَاهُمْ ۚ فَتَمَتَّعُوا فَسَوْفَ تَعْلَمُونَ ﴿٣٤﴾

34. അങ്ങനെ നാം അവർക്ക് നൽകിയതിനു നന്ദികേട് കാണിക്കുകയത്രെ അവർ ചെയ്യുന്നത്. ആകയാൽ നിങ്ങൾ സുഖം അനുഭവിച്ചുകൊള്ളുക. വഴിയെ നിങ്ങൾ മനസ്സിലാക്കികൊള്ളും.

أَمْ أَنزَلْنَا عَلَيْهِمْ سُلْطَانًا فَهُوَ يَتَكَلَّمُ بِمَا كَانُوا بِهِ يُشْرِكُونَ ﴿٣٥﴾

35. അതല്ല, അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നതിനനുകൂലമായി അവരോട് സംസാരിക്കുന്ന വല്ല പ്രമാണവും നാം അവർക്ക് ഇറക്കികൊടുത്തിട്ടുണ്ടോ?

وَإِذَا أَذَقْنَا النَّاسَ رَحْمَةً فَرِحُوا بِهَا ۖ وَإِن تُصِبْهُمْ سَيِّئَةٌ بِمَا قَدَّمَتْ أَيْدِيهِمْ إِذَا هُمْ يَقْنَطُونَ ﴿٣٦﴾

36. മനുഷ്യർക്ക് നാം കാരുണ്യം അനുഭവിപ്പിക്കുന്ന പക്ഷം അവർ അതിൽ ആഹ്ലാദം കൊള്ളുന്നു. തങ്ങളുടെ കൈകൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായി അവർക്ക് വല്ല ദോഷവും ബാധിക്കുകയാണെങ്കിലോ അവരതാ ആശയറ്റവരാകുന്നു!

أَوَلَمْ يَرَوْا أَنَّ اللَّهَ يَبْسُطُ الرِّزْقَ لِمَن يَشَاءُ وَيَقْدِرُ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يُؤْمِنُونَ ﴿٣٧﴾

37. താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു ഉപജീവനം വിശാലമാക്കുകയും (താൻ ഉദ്ദേശിക്കുന്നവർക്ക്) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു എന്ന് അവർ കണ്ടില്ലേ? വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്; തീർച്ച.

فَآتِ ذَا الْقُرْبَىٰ حَقَّهُ وَالْمِسْكِينَ وَابْنَ السَّبِيلِ ۚ ذَٰلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ اللَّهِ ۖ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٣٨﴾

38. ആകയാൽ കുടുംബബന്ധമുള്ളവന് നീ അവന്റെ അവകാശം കൊടുക്കുക. അഗതിക്കും വഴിപോക്കനും (അവരുടെ അവകാശവും നൽകുക). അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കുന്നവർക്ക് അതാണുത്തമം. അവർ തന്നെയാണ് വിജയികളും.

وَمَا آتَيْتُم مِّن رِّبًا لِّيَرْبُوَ فِي أَمْوَالِ النَّاسِ فَلَا يَرْبُو عِندَ اللَّهِ ۖ وَمَا آتَيْتُم مِّن زَكَاةٍ تُرِيدُونَ وَجْهَ اللَّهِ فَأُولَٰئِكَ هُمُ الْمُضْعِفُونَ ﴿٣٩﴾

39. ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടുവാനായി നിങ്ങൾ വല്ലതും പലിശക്ക് കൊടുക്കുന്ന പക്ഷം അല്ലാഹുവിങ്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം അങ്ങനെ ചെയ്യുന്നവരത്രെ ഇരട്ടി സമ്പാദിക്കുന്നവർ.

33) (മനുഷ്യർക്ക് ആപത്ത് ബാധിച്ചാൽ) രോഗമോ ഭയമോ നാശമോ മറ്റെന്തെങ്കിലും. (തങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിരിഞ്ഞുകൊണ്ട് അവർ പ്രാർഥിക്കുന്നതാണ്) അപ്പോൾ അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെ അവർ മറക്കുന്നു. അവർക്കറിയാം അല്ലാഹുവല്ലാതെ ബുദ്ധിമുട്ട് നീക്കില്ലെന്ന്. (പിന്നെ തന്റെ പക്കൽ നിന്നുള്ള കാരുണ്യം അവർക്കവൻ അനുഭവിപ്പിച്ചാൽ) അവരുടെ രോഗം മാറ്റുകയും ഭയം നീക്കുകയും ചെയ്താൽ. (അവരിൽ ഒരു വിഭാഗമതാ) അവരിൽനിന്നുണ്ടായ മടക്കത്തെ ലംഘിക്കുന്നു. അവർക്ക് സൗഭാഗ്യമോ ദൗർഭാഗ്യമോ വരുത്താത്തവരെ അവർ അവനോട് പങ്കുചേർക്കുന്നു. അവർ അവർക്ക് സമ്പന്നതയോ ദാരിദ്ര്യമോ നൽകുന്നില്ല. ഇതെല്ലാം അല്ലാഹു നൽകിയതിലുള്ള നന്ദികേടാണ്. അവൻ അവരെ രക്ഷപ്പെടുത്തി കരുണ ചെയ്തതിന്. പ്രയാസങ്ങൾ നീക്കി അതിൽ നിന്ന് രക്ഷപ്പെടുത്തിയതിന്. എന്തുകൊണ്ട് ഈ മഹത്തായ അനുഗ്രഹങ്ങൾക്ക് നിത്യമായി നന്ദി ചെയ്ത് എല്ലായ്പ്പോഴും അവനെ മാത്രം ആരാധിച്ച് ജീവിച്ചുകൂടാ?

35) (വല്ല പ്രമാണവും നാം അവർക്ക് ഇറക്കിക്കൊടുത്തിട്ടുണ്ടോ?) വ്യക്തമായ തെളിവ്. (അത്) ആ പ്രമാണം. (അവർ പങ്കുചേർക്കുന്നതിന് അനുകൂലമായി അവരോട് സംസാരിക്കുന്നു. അതായത് നിങ്ങളുടെ ശിർക്കിൽ നിങ്ങൾ ഉറച്ചു നിൽക്കുക. അല്ലെങ്കിൽ നിങ്ങളുടെ സംശയങ്ങളിൽ നിങ്ങൾ തുടരുക. നിങ്ങൾ നിലകൊള്ളുന്നത് സത്യത്തിലാണ്, പ്രവാചകന്മാർ നിങ്ങളെ ക്ഷണിക്കുന്നത് അസത്യത്തിലേക്കാണ് എന്നെല്ലാം അവരോട് പറയുന്ന വല്ല രേഖയോ ശിർക്കിനെ ഇത്രയും ശക്തമായി മുറുകെപ്പിടിക്കാൻ മാത്രമുള്ള വല്ല രേഖയോ അവരുടെ അടുക്കലുണ്ടോ? അതല്ല, യുക്തിപരവും ഗ്രന്ഥപരവുമായ തെളിവുകൾ; ദൈവികമായി ഇറക്കപ്പെട്ട ഗ്രന്ഥങ്ങൾ അങ്ങനെ എന്തെങ്കിലും? ഇതെല്ലാം മഹാന്മാരായ പ്രവാചകന്മാരും പ്രമുഖ വ്യക്തികളും ശക്തമായി വിലക്കുകയും ഈ വഴിയിൽ നിങ്ങൾ പോകരുതെന്ന് താക്കീത് ചെയ്യുകയും ചെയ്ത കാര്യങ്ങളല്ലേ? പിഴച്ച ചിന്തയും വിശ്വാസവും സ്വീകരിച്ചവരുടെ വിധികളല്ലേ ഇതെല്ലാം? യാതൊരു തെളിവും പ്രമാണവുമില്ലാതെയാണ് അവർ പങ്കുചേർക്കുന്നത്. പിശാചിന്റെ പ്രേരണകളും മനസ്സിന്റെ ഇച്ഛകളും മാത്രം.

36-37) പ്രയാസവും എളുപ്പവും ജീവിതത്തിൽ ഉണ്ടാകുമ്പോൾ അധികമാളുകളും സ്വീകരിക്കുന്ന നിലപാടിനെക്കുറിച്ചാണ് അല്ലാഹു ഇവിടെ പറയുന്നത്. നല്ല ആരോഗ്യം, സമ്പത്ത്, വിജയം എന്നിവ കാരുണ്യമായി അല്ലാഹു അനുഭവിപ്പിച്ചാൽ അവർ അതിൽ അതിരറ്റ് സന്തോഷിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കുള്ള നന്ദിയുടെ സന്തോഷമല്ല; മറിച്ച് അഹങ്കാരത്തിന്റെ സന്തോഷം. (അവർക്ക് വല്ല ദോഷവും ബാധിക്കുകയാണെങ്കിലോ) അവർക്ക് നിർഭാഗ്യം വരുമ്പോൾ അത്. (അവരുടെ കൈകൾ മുൻകൂട്ടി പ്രവർത്തിച്ചതിന്റെ ഫലമായി) തെറ്റായ പ്രവൃത്തികൾ. (അവരതാ ആശയറ്റവരാകുന്നു) ആ ദാരിദ്ര്യവും രോഗവുമൊന്നും ഒരിക്കലും അവസാനിക്കില്ലെന്ന് കരുതി അവർ നിരാശരാകുന്നു. ഇത് അവരുടെ അറിവില്ലായ്മയുടെയും അജ്ഞതയുടെയും ഫലമാണ്. (താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു ഉപജീവനം വിശാലമാക്കുകയും താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു എന്ന് അവർ കണ്ടില്ലേ?) നല്ലതും ചീത്തയും അല്ലാഹുവിൽനിന്നാണെന്നും ഉപജീവനത്തിലെ വിശാലതയും കുടുസ്സതയും അവൻ നിശ്ചയിക്കുന്നതാണെന്നും മനസ്സിലാക്കിയശേഷം നിരാശപ്പെടുന്നത് ശരിയല്ല. ബുദ്ധിയുള്ളവരേ, നിങ്ങൾ കാരണങ്ങളിലേക്ക് നോക്കരുത്. മറിച്ച് കാരണങ്ങൾ ഉണ്ടാക്കുന്നവനിലേക്ക് നോക്കുക. അതാണല്ലാഹു പറഞ്ഞത്: (തീർച്ചയായും വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തമുണ്ട്) അവൻ ഉദ്ദേശിക്കുന്നവർക്ക് ധാരാളമായി കൊടുക്കുകയോ തടഞ്ഞുവെക്കുകയോ ചെയ്യുക എന്നതിൽ അവർ പാഠങ്ങൾ ഉൾക്കൊള്ളുന്നു. അത് അല്ലാഹുവിന്റെ കാരുണ്യവും യുക്തിയുമാണ്. ഉപജീവനത്തിന്റെ എല്ലാ ആവശ്യങ്ങളും അവനോട് ചോദിക്കാൻ അതവരെ പ്രേരിപ്പിക്കുന്നു.

38). ബന്ധുവിന് അവന്റെ ബന്ധത്തിന്റെയും ആവശ്യത്തിന്റെയും തോതനുസരിച്ച് അല്ലാഹു നിശ്ചയിച്ച അവകാശങ്ങൾ നൽകണം. നിർബന്ധ-ഐഛിക ദാനങ്ങൾ, സമ്മാനങ്ങൾ, സലാം പറയൽ, ദയ കാണിക്കൽ, വിട്ടുവീഴ്ച നൽകൽ, തെറ്റുകളെ അവഗണിക്കൽ പോലെയുള്ള, അല്ലാഹു പ്രോത്സാഹിപ്പിച്ച കാര്യങ്ങൾ ചെയ്യുക. ദാരിദ്ര്യംകൊ

ണ്ടും ഇല്ലായ്മകൊണ്ടും അവശനായ ഒരാൾക്ക് അവന്റെ ആഹാരം, വെള്ളം, വസ്ത്രം തുടങ്ങിയവവ നൽകുന്നതും ഇതിൽപെടും. (വഴിയാത്രക്കാരനും) തന്റേതല്ലാത്ത നാട്ടിൽ ഒറ്റപ്പെട്ട് പോയവൻ. അവന്റെ അടുക്കൽ ആവശ്യത്തിന് പണമില്ല. തന്റെ നാട്ടിലല്ലാത്തതുകൊണ്ട് ഒന്നും സമ്പാദിക്കാനും കഴിയില്ല. അത്തരം ആളുകൾ ഏറ്റവുമധികം ആവശ്യക്കാരായിരിക്കും. നാട്ടിലാണെങ്കിൽ സാധാരണയായി അവന്റെ തൊഴിലോ വിവരമോ പരിഗണിച്ച് അവന്റെ ആവശ്യങ്ങൾ നിർവഹിക്കാൻ കഴിഞ്ഞേക്കും. അതാണ് വഴിയാത്രക്കാരനെയും സാധുവിനെയും സകാത്തിൽ ഉൾപ്പെടുത്താൻ കാരണം.

(അത്) അതായത് അടുത്ത ബന്ധുവിനും സാധുവിനും വഴിയാത്രക്കാരനും നൽകുന്നത്. (ഉദ്ദേശിക്കുന്നവർക്ക് അതാണ് ഉത്തമം) അത് ചെയ്യൽ. (അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കുന്നവർക്ക്) ഇത് വലിയ നന്മയും പ്രതിഫലവും ലഭിക്കുന്ന കാര്യമാണ്. കാരണം ഇത് മഹത്തായ സൽക്കർമമാണ്. ആത്മാർഥതയോടെ യോജിച്ച സമയത്തും സ്ഥലത്തും നിർവഹിക്കപ്പെടുമ്പോൾ അത് പ്രയോജനകരമായ ഒരു പുണ്യപ്രവർത്തനമാകും. ആത്മാർഥതയില്ലെങ്കിൽ നൽകപ്പെ ടുന്നവന് അത് നന്മയായിരിക്കും. അല്ലാഹു പറയുന്നു.

لَّا خَيْرَ فِى كَثِيرٍ مِّن نَّجْوَاهُمْ إِلَّا مَنْ أَمَرَ بِصَدَقَةٍ أَوْ مَعْرُوفٍ أَوْ إِصْلَاحٍ بَيْنَ النَّاسِ

"അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമങ്ങൾ ചെയ്യാനും സദാചാരം കൈക്കൊള്ളാനും ജനങ്ങൾക്കിടയിൽ യോജിപ്പുണ്ടാക്കാനും കൽപിക്കുന്ന ആളുടെ വാക്കുകളിലൊഴികെ" (ക്വുർആൻ 4:114).

ഇവിടെ പറഞ്ഞ കർമങ്ങളെല്ലാം മറ്റുള്ളവർക്ക് ചില പ്രയോജനങ്ങൾ നൽകുന്നതാണ്. എന്നാൽ ഇതെല്ലാം ആരെങ്കിലും അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് ചെയ്താൽ അവർക്ക് മഹത്തായ പ്രതിഫലം ലഭിക്കും. (അക്കൂട്ടർ) ഇതും ഇതല്ലാത്ത പ്രവർത്തനങ്ങളും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ചെയ്യുന്നവർ. (അവരാണ് വിജയികൾ) അല്ലാഹുവിന്റെ പ്രതിഫലം നേടി വിജയിക്കുന്നവർ. അവന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നവർ.

39) അല്ലാഹു തന്റെ പ്രീതിക്കുവേണ്ടി ചെയ്യുന്ന ചില കർമങ്ങളെ പരാമർശിച്ച്; ഇവിടെ ഐഹികനേട്ടത്തിനു വേണ്ടി ചെയ്യുന്ന കർമങ്ങളെക്കുറിച്ച് പറയുന്നു: (ജനങ്ങളുടെ സ്വത്തുക്കളിലൂടെ വളർച്ച നേടാനായി നിങ്ങൾ വല്ലതും പലിശക്ക് കൊടുക്കുന്നപക്ഷം) സമ്പത്ത് വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിങ്ങളുടെ ആവശ്യങ്ങൾ കഴിച്ചുള്ള സമ്പത്ത് നിങ്ങൾ നൽകുക എന്നത്. അതായത് കൂടുതൽ പകരം തരുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നവർക്ക് നിങ്ങൾ ധനം നൽകുന്നു. ഈ പ്രവൃത്തികൊണ്ട് അല്ലാഹുവിന്റെ അടുക്കൽ നിങ്ങൾക്ക് പ്രതിഫലം വർധിക്കുന്നില്ല; അവിടെ ആത്മാർഥത എന്ന നിബന്ധനയില്ലാത്തതുകൊണ്ട് തന്നെ. ലോകമാന്യത്തിനും ജനങ്ങളിൽ പ്രശസ്തി കിട്ടാനും ചെയ്യുന്ന ഇതുപോലെയുള്ള പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ അടുക്കൽ യാതൊരു ലാഭവും ഉണ്ടാക്കുന്നില്ല.

(സകാത്തായി നൽകുന്നത്) ചീത്ത സ്വഭാവങ്ങളിൽനിന്ന് നിങ്ങളെ ശുദ്ധമാക്കാൻ നൽകുന്ന ധനം. സമ്പത്തിലെ പിശുക്കിൽ നിന്ന് അത് നിങ്ങളെ ശുദ്ധമാക്കും. നൽകപ്പെടുന്നവന്റെ ആവശ്യം പരിഹരിക്കുകയും ചെയ്യും. (നിങ്ങളുദ്ദേശിക്കുന്നത്) അതുകൊണ്ട്. (അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കിക്കൊണ്ട് ഇരട്ടി സമ്പാദിക്കുന്നവരാണ്) പ്രതിഫലം അവർക്ക് ഇരട്ടിക്കും. അല്ലാഹുവിന്റെ അടുക്കൽ അവർ ചെലവഴിക്കുന്നത് വർധിക്കും. അല്ലാഹു അതിനെ അവർക്കായി പരിപോഷിപ്പിച്ചുകൊണ്ടിരിക്കും. അങ്ങനെ അത് ധാരാളമായി വർധിക്കും. (നിങ്ങൾ വല്ലതും സകാത്തായി നൽകുന്ന പക്ഷം) നൽകുന്ന വ്യക്തിക്ക് അത്യാവശ്യമായി ചെലവഴിക്കേണ്ടിവരികയോ വീടാത്ത കടം ഉണ്ടാവുകയോ ആണെങ്കിൽ അത് നൽകുന്നതിനാണ് പ്രാധാന്യം നൽകേണ്ടത്. അത് പ്രതിഫലം ലഭിക്കുന്ന സകാത്തല്ല; മതപരമായി അത് അസാധുവാണ്. ദാനധർമങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

الَّذِى يُؤْتِى مَالَهُ يَتَزَكَّىٰ

"പരിശുദ്ധി നേടാനായി തന്റെ ധനം നൽകുന്നവൻ" (92:18).

വെറുതെ പണം നൽകിയാൽ അത് പുണ്യമാവില്ല. ഈ വിശേഷണം അതിനുണ്ടായിരിക്കണം. അത് നൽകുന്നവനെ ശുദ്ധീകരിക്കുവാൻ ഉതകുന്നതായിരിക്കണം.

മൈമൂന ബിൻത് അബ്ദുല്ല,
കൊയിലാണ്ടി



# സ്വർഗം

ഹാ, സ്വർഗമേ...
ഇഹലോകത്തെ ക്ലേശം നിറഞ്ഞ
ജീവിതം നയിക്കുമ്പോൾ
നിന്നിലാണെൻ പ്രതീക്ഷകളെല്ലാം.
നിന്നിലെത്തിയാൽ മരണമില്ലല്ലോ!
കുത്തുവാക്കുകളും പരിഹാസങ്ങളും
അവിടെയില്ലല്ലോ!
സമ്പൂർണ ശാന്തിയും സമാധാനവും
നിന്നിലണഞ്ഞോർക്ക് മാത്രമല്ലോ!
ഒരു കണ്ണും കാണാത്ത കാഴ്ചകൾ,
ഒരു ചെവിയും കേൾക്കാത്ത വാക്കുകൾ,
ഒരു മനസ്സിനും ഊഹിക്കാൻ കഴിയാത്ത
അനുഭൂതികൾ...
നിന്റെ സവിശേഷതയല്ലോ!
അവിടെ രോഗങ്ങളില്ല,
വാർധക്യമില്ല!
ആഗ്രഹിക്കുന്നതെല്ലാം
ലഭിക്കുന്ന ഇടം...
സ്രഷ്ടാവിന് വഴിപ്പെട്ടവർക്ക് മാത്രം
തുറക്കപ്പെടുന്നതാണല്ലോ
നിൻ കവാടങ്ങൾ.
ഇഹലോകത്തെ നിന്നിൽ പ്രവേശിക്കാൻ
ഉപയോഗിച്ചവർക്കു മാത്രം
നിന്നിൽ അഭയം.
പരിശ്രമിക്കുന്നുണ്ട്,
ഇലാഹീ...
നിന്റെ കാരുണ്യംകൊണ്ട്
എന്നെ പൊതിയണേ എന്നാണ്
എന്നുമെന്നും എന്റെ പ്രാർഥന.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS

## ഇസ്‌ലാമിക വിശ്വാസ കാര്യങ്ങളുടെ മൗലികതയും വ്യതിരിക്തതകളും ലഘുവായി വിവരിക്കുന്നു




# വിശ്വാസത്തിന്റെ അടിത്തറകൾ

**ഉമർകോയ മദനി**

**2 ഭാഗങ്ങൾ**

510 രൂപയുടെ പുസ്തകം ഇപ്പോൾ **357 രൂപക്ക്**

FREE HOME DELIVERY

ORDER NOW

പുസ്തകം നിങ്ങളുടെ **വീട്ടിൽ** എത്തിക്കുന്നു

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 12 July 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031